ലക്കം 1 പുസ്തകം 4

ഡിസംബർ 2024

# ക്രിസ് വോയ്സ്

തിരുപുറം സെന്റ് ഫ്രാൻസിസ് സേവ്യർ ഇടവക ബുള്ളറ്റിൻ



# ADAM JEWELS MARKETING (P) LTD

# ആദം
## ഫൈനാൻസ്

**37-ാം** വാർഷികം പ്രമാണിച്ച്

ഞങ്ങളുടെ എല്ലാ ബ്രാഞ്ചുകളിലും

**പലിശ കുറച്ചിരിക്കുന്നു.**

| | |
|---|---|
| ഗ്രാമിന് **5500** രൂപ വരെ | പലിശ **13.2%** (1 രൂപ 10 പൈസ) |

ഞങ്ങളുടെ സ്ഥാപനത്തിൽ ജോലി ചെയ്യാൻ താൽപര്യമുള്ള ഉദ്യോഗാർത്ഥികളിൽനിന്നും അപേക്ഷ ക്ഷണിക്കുന്നു.

കൂടുതൽ വിവരങ്ങൾക്ക്

**0471 -2230069**

**85 4791 72 37**

ചെയർമാൻ : ആർ.എസ്. സന്തോഷ്കുമാർ

**എഡിറ്റോറിയൽ ബോർഡ്**

രക്ഷാധികാരി : മോൺ. ഡോ. ഡി. സെൽവരാജൻ
സഹ രക്ഷാധികാരി : ഫാ. അനുരാജ് ആർ.എൽ.
ചീഫ് എഡിറ്റർ : എസ്.ഒ.ഷാജികുമാർ
മാനേജിങ് എഡിറ്റർ : ബിബിൻ രാജ്

*എഡിറ്റേഴ്സ്*

സിസ്റ്റർ ലൗലി സിറിയക്ക്
അനൂപ് എ.സി.
അതുൽ പി.എസ്.
റോജിൻ ആർ.ബി.
അനൂപ് എസ്.എസ്.
എസ്. സുധ

*ലേഔട്ട് & ഡിസൈൻ*

അതുൽ പി.എസ്.



# എഡിറ്റേഴ്സ് വോയ്സ്

പ്രിയരേ,

ഒരിടവേളയ്ക്ക് ശേഷം 'ക്രിസ്‌വോയ്സ് ' തിരുപുറം ഇടവക കുടുംബത്തിന്റെ നാഡീസ്പന്ദനമായി പ്രസിദ്ധീകരിക്കുകയാണ്. ഇടവക മീഡിയാ കമ്മീഷന്റെ കീഴിലാണ് ഇനിമുതൽ ഇടവക ബുള്ളറ്റിന്റെ പ്രവർത്തനങ്ങൾ ക്രമീകരിക്കുന്നത്. കഴിഞ്ഞ നാളുകളിലെന്നപോലെ എല്ലാവരും ക്രിസ് വോയ്സിനെ സ്വാഗതം ചെയ്യുമെന്ന് പ്രത്യാശിക്കുന്നു.

നമ്മുടെ മാതൃരാജ്യം ഒരു മഹാഇലക്ഷനവിധി കഴിഞ്ഞ് വർഗ്ഗീയ കാർമേഘങ്ങൾ പെയ്തിറങ്ങിയ പ്രത്യാശാനിർഭരമായ നാളുകൾ സമാഗതമായിട്ടുണ്ടെങ്കിലും ഭരണഘടന ഉറപ്പു നൽകുന്ന ജനാധിപത്യ അവകാശങ്ങൾക്കുമേൽ വെള്ളം ചേർക്കുന്ന ഇരുട്ടിന്റെ ശക്തികൾ പിടി മുറുക്കുന്നുണ്ടോ എന്ന ആശങ്ക പടരുന്ന പ്രഭാതങ്ങളാണ് വന്നുകൊണ്ടിരിക്കുന്നത്. ജനാധിപത്യം സുതാര്യതയിലൂടെ സ്വതന്ത്രമായി വിഹരിക്കാനായാൽ മാത്രമേ രാഷ്ട്രശില്പികൾ വിഭാവനം ചെയ്ത നാനാത്വത്തിൽ ഏകത്വം സാർത്ഥകമാകൂ

2025 ജൂബിലി വർഷത്തിലേക്ക് പ്രവേശിക്കുന്ന ഈ അവസരത്തിൽ പ്രത്യാശയുടെ ക്രിസ്തുമസ് ദിനങ്ങളിലൂടെ കടന്നുപോകാൻ സഭാംഗങ്ങൾ തയ്യാറെടുക്കുന്നതിനോടൊപ്പം ഇടവകയെ നയിക്കാൻ പുതിയ നേതൃത്വം കടന്നുവരുന്നത് നമുക്ക് പ്രതീക്ഷ നൽകുകയാണ്.ഈ അവസരത്തിൽ എല്ലാ ഇടവകാംഗങ്ങൾക്കും ക്രിസ്‌വോയ്സിന്റെ ക്രിസ്തുമസ് ആശംസകൾ.

ചീഫ് എഡിറ്റർ

# താളുകൾ മറിക്കുമ്പോൾ


| NO | ഉള്ളടക്കം | പേജ് നമ്പർ |
|---|---|---|
| 1. | ദൈവം മനുഷ്യനായി-മനുഷ്യനെ മനുഷ്യനാക്കാൻ | 3 |
| 2. | സ്വയം സമ്മാനമാവുക | 6 |
| 3. | എന്നെ അനുഗമിക്കുവിൻ.... | 8 |
| 4. | അമ്മ (കവിത) | 11 |
| 5. | വചനത്തിലേക്ക് മടങ്ങാം | 12 |
| 6. | തെറ്റ് | 13 |
| 7. | മിന്നും താരമേ | 14 |
| 8. | ബി.സി.സി. യോഗങ്ങൾ 19 | |
| 9. | ഉണ്ണീശോക്ക് ഇത്തിരി ഇടം നൽകാമോ ? | 20 |
| 10. | അന്നയുടെ പ്രണയം | 23 |
| 11. | ലോഗോസ് ക്വിസ്സ് 2024 | 25 |
| 12. | എമ്മാനുവൽ-ദൈവം നമ്മോടുകൂടെ | 27 |
| 13. | കാർട്ടൂൺ | 29 |
| 14. | വരവ് ചെലവ് കണക്കുകൾ | 30 |
| 15. | വത്തിക്കാൻ ന്യൂസ് | 32 |

# ദൈവം മനുഷ്യനായി : മനുഷ്യനെ മനുഷ്യനാക്കാൻ



ദൈവം മനുഷ്യനായി അവതരിച്ചതിന്റെ ഓർമദിനം ക്രിസ്തുമസ്. നൂറ്റാണ്ടുകൾ കാത്തിരുന്ന രക്ഷകന്റെ മനുഷ്യാവതാരം ക്രിസ്തുമസ്. മനുഷ്യകുലത്തെ രക്ഷിക്കാൻ കടന്നുവന്ന ദൈവകുമാരന്റെ പിറവിത്തിരുന്നാളിനായി ലോകം ഒരുങ്ങിക്കഴിഞ്ഞു. ഇതുപോലൊരു ജനനം ലോകചരിത്രത്തിൽ ഇതുവരെ ഉണ്ടായിട്ടില്ല. അനേകം മഹാന്മാർ ജനിച്ചിട്ടുണ്ട്, മരിച്ചിട്ടുണ്ട്. പക്ഷെ, ഇത്രമാത്രം സന്തോഷത്തോടെ ലോകം മുഴുവൻ ആഘോഷിക്കുന്ന ഒരു ജനനവും വേറെയില്ല. ആ ജനനത്തിന്റെ പ്രത്യേകതകൾ എന്തൊക്കെയെന്ന് വിശുദ്ധഗ്രന്ഥത്തിൽ മനോഹരമായി വിവരിച്ചിട്ടുണ്ട്.

(1) ലൂക്കാ സുവിശേഷകൻ രേഖപ്പെടുത്തുന്നു : 'ദൂതൻ അവരോടു പറഞ്ഞു : ഭയപ്പെടേണ്ട. ഇതാ സകല ജനത്തിനും വേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ സദ്വാർത്ത ഞാൻ നിങ്ങളെ അറിയിക്കുന്നു' (LK 2:10). ആടുകളെ രാത്രി കാത്തുകൊണ്ടിരുന്ന ഇടയന്മാർക്ക് ദൈവദൂതൻ നൽകുന്നത് ഒരു സദ്വാർത്തയാണ്. ഈ സദ്വാർത്ത ഏതെങ്കിലും ഒരു ജനവിഭാഗത്തിനോ ദേശത്തിനോ വേണ്ടി മാത്രമുള്ളതല്ല.പിന്നെയോ, സർവജനത്തിനും മഹാസന്തോഷം (great joy) നൽകുന്ന സദ്വാർത്തയാണ്. ഈ ലോകത്തിലെ മറ്റ് വാർത്തകൾ ലോകത്തിലെ എല്ലാ ജനതകളെയും ഒരുപോലെ സന്തോഷിപ്പിക്കാൻ ഉതകുന്നതല്ല. എന്നാൽ, യേശുവിന്റെ ജനനം സകല മനുഷ്യർക്കും ആനന്ദം പകരുന്നതാണ്. ഈ ആനന്ദത്തിന്റെ കാരണം, ഈ ശിശു രക്ഷകനാണ് എന്നുള്ളതാണ്. അവിടുന്ന് കടന്നു വന്നത് മനുഷ്യനെ രക്ഷിക്കാനാണ്, പാപത്തിന്റെ ജീർണാവസ്ഥയിൽ നിന്ന് മോചിപ്പിക്കാനാണ് (one who saves and redeems).

(2) ഈ ശിശുവിന്റെ ജനനം ഒരു ചരിത്ര സത്യമാണ്. മഹാത്മാക്കൾ എന്ന് പലരും വാഴ്ത്തുന്ന വ്യക്തികളുടെ ജനനവും ജീവിതവും ഐതിഹ്യത്തെ അടിസ്ഥാനപ്പെടുത്തുമ്പോൾ, യേശുവിന്റെ ജനനവും ജീവിതവുമെല്ലാം ചരിത്രത്തിന്റെ ഏടുകളിൽ രേഖപ്പെടുത്തപ്പെട്ടതാണ് എന്ന് കാണാം. റോമാ ചക്രവർത്തിയായിരുന്ന അഗസ്റ്റസ് സീസറിന്റെ ഭരണ കാലത്ത് ബെത്ലഹേമിൽ അവിടുന്ന് ഭൂജാതനായി. അവിടുത്തെ ജീവിതവും പ്രവർത്തനവുമെല്ലാം ചരിത്ര താളുകളിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

(3) അവിടുത്തെ ജനനം അസാധാരണമായ ഒന്നാണ്. അതിലുപരി അത്ഭുതകരമായ പിറവിയാണ്. അവിടുന്ന് പ്രവചനങ്ങളുടെ പൂർത്തീകരണമായി പിറന്നു. യേശുവിന്റെ തിരുപ്പിറവിയെക്കുറിച്ച് പ്രമുഖരായ പ്രവാചകന്മാരുടെ പ്രവചനങ്ങളിൽ കാണാം. BC 750ൽ മിഖാ പ്രവാചകൻ കർത്താവിന്റെ ജനനത്തെക്കുറിച്ച് ഇങ്ങനെ പറഞ്ഞിട്ടുണ്ട്:. 'ബെത്ലഹേം

എഫ്രാത്ത, യൂദാ ഭവനങ്ങളിൽ നീ ചെറുതാണെങ്കിലും ഇസ്രായേലിനെ ഭരിക്കേണ്ടവൻ എനിക്കായി നിന്നിൽനിന്നു പുറപ്പെടും; അവൻ പണ്ടേ, യുഗങ്ങൾക്കു മുൻപേ, ഉള്ളവനാണ" (മിക്കാ 5:2). പ്രവാചകൻ ഈ അധ്യായത്തിൽ മുഴുവൻ വിവരിക്കുന്നത് വരാനിരിക്കുന്ന ഈ ശിശുവിന്റെ പ്രത്യേകതകളെ കുറിച്ചാണ്. ഈ രക്ഷകന്റെ വരവോടെ ജനതകൾക്കു ലഭിക്കുന്ന സുരക്ഷിതത്വവും, സമാധാനവും അവിടെ എടുത്ത് പറയുന്നുമുണ്ട്. ഈ രക്ഷകനെയാണ് ഇസ്രായേൽ ജനം നൂറ്റാണ്ടുകൾ കാത്തിരുന്നത്.

മിശിഹായുടെ ആഗമനത്തെക്കുറിച്ചു വ്യക്തമായ സൂചനയോടെ പ്രവചനം നടത്തിയ പ്രവാചകനായ ഏശയ്യ, കന്യകയിൽ നിന്ന് ഭൂജാതനാകുന്ന ദിവ്യ ശിശുവിനെ കുറിച്ച് പ്രസ്താവിക്കുന്നു. അദ്ദേഹത്തിന്റെ മനോഹരമായ വാക്കുകൾ നോക്കു : "അതിനാൽ, കർത്താവ് തന്നെ നിനക്ക് അടയാളം തരും. യുവതി ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. അവൻ ഇമ്മാനുവേൽ എന്ന് വിളിക്കപ്പെടും." (ഏശയ്യ 7:14). ദൈവം നമ്മോട് കൂടെ എന്ന അർത്ഥമുള്ള ഇമ്മാനുവേൽ എന്നറിയപെടുന്ന രക്ഷകനായിരിക്കും അവിടുന്ന് എന്ന് ഏശയ്യായുടെ പ്രവചനം വ്യക്തമാകുന്നു.

(4) യേശുവിന്റെ തിരുപ്പിറവിയെക്കുറിച്ചു ചിന്തിക്കുമ്പോൾ മറ്റൊരു പ്രത്യേകത നാം കാണുന്നത് അവിടുത്തെ വംശാവലിയെ കുറിച്ച് പറയുന്ന വിശുദ്ധഗ്രന്ഥ ഭാഗത്താണ്. മത്തായി രേഖപ്പെടുത്തിയ സുവിശേഷത്തിന്റെ ആരംഭം തന്നെ ക്രിസ്തുവിന്റെ വംശാവലിയാണ്. വംശാവലിയിൽ ഓരോ തലമുറയെയുംകുറിച്ച് പറയുമ്പോൾ പരാമർശിക്കപ്പെടുന്നത് വ്യക്തിയുടെ പിതാവിന്റെ പേരാണ്. ഇവിടെ പിതാക്കന്മാരുടെ പേരുകൾ മാത്രം പരാമർശിക്കുന്നു. എന്നാൽ യേശുവിനെ കുറിച്ച് പറയുമ്പോൾ പരിശുദ്ധ കന്യക മറിയത്തിൽ ജനിച്ചുവെന്നു വ്യക്തമായി പ്രസ്താവിക്കുന്നു. മത്തായിയുടെ സുവിശേഷം 1:16ൽ നാം വായിക്കുന്നു,'യാക്കോബ് മറിയത്തിന്റെ ഭർത്താവായ ജോസഫിന്റെ പിതാവായിരുന്നു. അവളിൽ നിന്ന് ക്രിസ്തു എന്ന് വിളിക്കപ്പെടുന്ന യേശു ജനിച്ചു.'ഇവിടെ മാതാവിനാണ് ഏറെ പ്രാധാന്യം. പരിശുദ്ധത്മാവിനാൽ കന്യക മറിയം ഗർഭം ധരിക്കുകയും യേശുവിന് ജന്മമേകുകയും ചെയ്തുവെന്ന സത്യത്തിന്റെ വലിയ ദൃഷ്ടാന്തമായി ഈ ഭാഗത്തെ നമുക്ക് കാണാവുന്നതാണ്.

(5) ലോകത്തിൽ അവതീർണ്ണനായ അവിടുന്ന് മുമ്പേ ഉള്ളവനാണ്. യേശു മനുഷ്യരൂപം സ്വീകരിച്ച് ലോകത്തിലേക്ക് വന്നു. സാധാരണ ഒരു കുഞ്ഞ് ജനിക്കുമ്പോൾ നാമാരും പറയാറില്ല "ഈ കുഞ്ഞ് പിറന്നത് ഒരു പ്രത്യേക ലക്ഷ്യത്തോടെയാണെന്ന്'. വളർച്ചയുടെ വിവിധ ഘട്ടങ്ങളിൽ ലക്ഷ്യബോധം കൈവരിച്ചു മുന്നോട്ടു പോകുന്നുവെന്നുമാത്രം. എന്നാൽ, യേശുവിന്റെ ജനനം അങ്ങനെയല്ല. വളരെ വ്യക്തമായി അവിടുത്തെ വരവിന്റെ ലക്ഷ്യം സുവിശേഷത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്: 'എന്തെന്നാൽ അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്ന് മോചിപ്പിക്കും'(മത്തായി 1:21). അതെ, അവിടുന്ന് ഈ ലോകത്തേക്ക് വന്നത് നമ്മെ രക്ഷിക്കാനാണ്. അവൻ രക്ഷകനാണ്.

ഇത്രയേറെ പ്രത്യേകതയുള്ള യേശുവിന്റെ ജനനം ലോകത്തിന് ഒരു സദ്വാർത്ത തന്നെയാണ്. അവിടത്തെ ജന്മദിനം സാഘോഷം കൊണ്ടാടുന്ന ഈ കാലഘട്ടത്തിൽ ക്രിസ്മസ് നമുക്ക് നൽകുന്ന സന്ദേശമെന്തെന്ന് ചിന്തിക്കുന്നത് ഉചിതമായിരിക്കും. രണ്ടു ചിന്തകൾ നിങ്ങളുമായി പങ്കുവയ്ക്കട്ടെ.

1) വാഗ്ദാന പൂർത്തീകരണമായിരുന്നു യേശുവിന്റെ ജനനം. ദൈവ മനുഷ്യബന്ധം പുന:സ്ഥാപിക്കാൻ അവിടുന്ന് ജന്മമെടുക്കുമെന്നതായിരുന്നല്ലോ ദൈവത്തിന്റെ വാഗ്ദാനം. തകർന്ന ബന്ധത്തിന്റെ പുന:സ്ഥാപിക്കലാണ് ക്രിസ്മസ്. ക്രിസ്മസ് നൽകുന്ന സന്ദേശം അതാണ്, നമുക്ക് ദൈവത്തോടുള്ള ബന്ധവും സഹോദരങ്ങളുമായുള്ള ബന്ധവും പുന:സ്ഥാപിക്കപ്പെടണം. നമ്മുടെ ഇടയിലെ അകൽച്ചകൾ, തകർച്ചകൾ എല്ലാം ദൂരീകരിക്കപ്പെടണം എന്ന് ക്രിസ്മസ് ആഹ്വാനം ചെയ്യുന്നു. നമ്മുടെ ബന്ധങ്ങൾ എങ്ങനെ പുന:സ്ഥാപിക്കാൻ സാധിക്കും? അതിനായി നാം ഉണ്ണിയേശുവിന്റെ ശൈലി സ്വീകരിക്കണം. ദൈവമായിരുന്നിട്ടും ദൈവത്തോടുള്ള സമാനത മുറുകെ പിടിക്കാതെ തന്നെത്തന്നെ ശൂന്യനാക്കി മനുഷ്യ രൂപം സ്വീകരിച്ച് ഒരു കാലിത്തൊഴുത്തിൽ പിറക്കാൻ കാണിച്ച എളിമയുടെ ശൈലി. താഴാൻ, ചെറുതാകാൻ നമുക്കും സാധിക്കണം. ലോകം ചെറുതാകലിന്റെ സന്ദേശം ഉൾക്കൊള്ളണം. ലോകത്തിൽ എല്ലാ മേഖലകളിലും വലിയവൻ ആരാണെന്ന ചിന്ത നിറഞ്ഞുനിൽക്കുന്നു. രാജ്യങ്ങൾ തമ്മിലുള്ള യുദ്ധങ്ങളും, ബിസിനസ് മേഖലകളും സ്വാർത്ഥതയുടെ വലിയ ഉദാഹരണങ്ങളാണ്. വ്യക്തിജീവിതത്തിലും ഈ ഒരു ശൈലി വളരെ പ്രകടമാണ്. എന്നാൽ, യേശുവിന്റെ പിറവി എളിമയുടെ പാഠം ഉൾക്കൊള്ളാൻ നമ്മോട് ആവശ്യപ്പെടുന്നു.ഈ സന്ദേശം പ്രതീകാത്മകമായി പകരുന്നതാണ് ബെത്‌ലഹേമിലെ തിരുപ്പിറവി ദേവാലയത്തിലെ പ്രവേശന കവാടം. ആ വാതിലിലൂടെ പ്രവേശിക്കുന്നവർക്ക് കുനിഞ്ഞ് മാത്രമേ പ്രവേശിക്കാൻ ആവുകയുള്ളൂ. കാരണം അവിടെയുള്ളത് വളരെ ചെറിയൊരു വാതിലാണ്. അതിലൂടെ കടക്കാൻ ആഗ്രഹിക്കുന്നവർ കുനിഞ്ഞു കടക്കാൻ തയ്യാറാകണം, പണ്ട് കാലിത്തൊഴുത്തിൽ കുനിഞ്ഞു കടന്നത് പോലെ. എന്നാൽ മാത്രമേ നാഥനെ കണ്ടുമുട്ടാനാകൂ.

2) ഈ പ്രപഞ്ചവും അതിലെ സർവചരാചരങ്ങളയും സൃഷ്ടിച്ച ദൈവത്തിന്റെ പ്രിയ സുതന് പിറക്കുവാൻ സത്രത്തിൽ സ്ഥലം ലഭിച്ചില്ലായെന്നു സുവിശേഷത്തിൽ നാം കാണുന്നു. ബെത്‌ലഹേമിൽ എത്തുന്ന വിശുദ്ധ യൗസേപ്പിതാവിനും പരിശുദ്ധ കന്യകാ മറിയത്തിനും വിശ്രമിക്കാൻ ഒരു സ്ഥലം ലഭിക്കുന്നില്ല. അവരുടെ ദാരിദ്ര്യാവസ്ഥയിൽ അവരെയാരും ഒന്ന് ശ്രദ്ധിച്ചുപോലുമില്ല. സമ്പത്തിന്റെ കുറവുള്ളവരുടെ സ്ഥിതി അന്നും ഇന്നും ദയനീയം തന്നെ! കാലിത്തൊഴുത്ത് അങ്ങനെ അവർക്കു അഭയസ്ഥലമാകുന്നു. യഥാർത്ഥത്തിൽ അവർക്ക് ഇടം ലഭിക്കാത്തത് സത്രങ്ങളിലാണോ, അതോ സത്ര ഉടമകളുടെ ഹൃദയങ്ങളിലാണോ. അവരുടെ ഹൃദയത്തിലും മനസ്സിലും തിരുക്കുടുംബത്തിന് ഇടം കിട്ടാതെ പോയി. യേശു ജനിക്കേണ്ട ഇടം മനുഷ്യ ഹൃദയങ്ങളാണ്. ഇന്ന് യേശു വിവിധ വ്യക്തികളുടെ രൂപത്തിൽ നമ്മുടെ അടുക്കലേക്ക് കടന്നു വരാറുണ്ട്. അവർക്കെല്ലാം നമ്മുടെ

ഹൃദയത്തിലും ജീവിതത്തിലും സ്ഥാനമുണ്ടോ. ക്രിസ്തു പിറക്കുന്ന പുൽ-ക്കൂടുകളാകട്ടെ നമ്മുടെ ഹൃദയങ്ങൾ. യേശു മനുഷ്യനായി അവതരിച്ചു കൊണ്ട് മാനുഷിക മൂല്യങ്ങൾ ഉൾക്കൊള്ളാൻ നമ്മെ ഓരോരുത്തരെയും ആഹ്വാനം ചെയ്യുന്നു. **മനുഷ്യൻ-'മനുഷ്യ'നാകാൻ ദൈവം ആഗ്രഹിക്കുന്നു. ഏവർക്കും ക്രിസ്മസ് മംഗളങ്ങൾ**............

**മോൺ. ഡി സെൽവരാജൻ.**
**ഇടവക വികാരി.**



# സ്വയം സമ്മാനമാവുക

സ്വയം സമ്മാനമാവുക എന്നതാണ് ഒരാൾക്ക് നൽകാൻ കഴിയുന്ന അമൂല്യ സമ്മാനം. വിലപിടിപ്പുള്ള പൊതിക്കെട്ടുകളേക്കാൾ വിലമതിക്കാനാകാത്ത സാന്നിധ്യമാണ് യഥാർത്ഥ സമ്മാനം.ദൈവം സ്വയം സമ്മാനമായതിന്റെ, സാന്നിധ്യത്താൽ ദൈവം നമ്മോടുകൂടെ (എമ്മാനുവേൽ) ആയതിന്റെ ഓർമ്മയാണ് ക്രിസ്മസ്.ദൈവം നൽകിയ ഈ സമ്മാനം സ്വീകരിക്കാനും നാം തന്നെ ഒരു സമ്മാനമാകാനും ക്രിസ്മസ് നമ്മെ ഓർമിപ്പിക്കുന്നു. ഏവർക്കും ഹൃദയം നിറഞ്ഞ ക്രിസ്മസ് ആശംസകൾ! ഈ കാലയളവിൽ നാം ഏറ്റവും കൂടുതൽ കേൾക്കുന്ന വചനങ്ങളിൽ ഒന്നാണ് 'ഇതാ, സകല ജനത്തിനുംവേണ്ടിയുള്ള വലിയ സന്തോഷത്തിൻെറ സദ്വാർത്ത ഞാൻ നിങ്ങളെ അറിയിക്കുന്നു. ദാവീദിൻെറ പട്ടണത്തിൽ നിങ്ങൾക്കായി ഒരു രക്ഷകൻ, കർത്താവായ ക്രിസ്തു, ഇന്നു ജനിച്ചിരിക്കുന്നു....ഇതായിരിക്കും നിങ്ങൾക്ക് അടയാളം: പിള്ളക്കച്ചകൊണ്ട് പൊതിഞ്ഞ്, പുൽത്തൊട്ടിയിൽ കിടത്തിയിരിക്കുന്ന ഒരു ശിശുവിനെ നിങ്ങൾ കാണും. ...ദൂതൻമാർ അവരെവിട്ട്, സ്വർഗത്തിലേക്കു പോയപ്പോൾ ആട്ടിടയൻമാർ അതിവേഗം പോയി മറിയത്തെയും ജോസഫിനെയും പുൽത്തൊട്ടിയിൽ കിടക്കുന്ന ശിശുവിനെയും കണ്ടു. (*Cf*. ലൂക്ക 2:10-16)ഇവിടെ രണ്ട് കാര്യങ്ങൾ നമ്മുടെ സവിശേഷ ശ്രദ്ധ ക്ഷണിക്കുന്നു.

1) ഇടയന്മാർക്ക് നൽകിയ "അടയാളം"

2) "...അവർ അതിവേഗം പോയി..."

1) **അടയാളം** : "പിള്ളക്കച്ചകൊണ്ട് പൊതിഞ്ഞ്, പുൽത്തൊട്ടിയിൽ കിടത്തിയിരിക്കുന്ന ഒരു ശിശുവിനെ നിങ്ങൾ കാണും".

അസാധാരണമായി ഒന്നുമില്ല. അത്ഭുതകരമായ വസ്തുതകളോ പ്രതാപം വർണിക്കുന്ന വാക്കുകളോ ഇല്ല. മറ്റെല്ലാ കുഞ്ഞുങ്ങളെയും പോലെ പരസഹായം കൂടാതെ ഒന്നും ചെയ്യാൻ സാധിക്കാത്ത, അമ്മയുടെ കരുതലും മനുഷ്യരുടെ സ്നേഹവും ആവശ്യമായ, എന്നാൽ അല്പം വ്യത്യസ്തമായി തൊട്ടിലിനു പകരം പുൽത്തൊട്ടിയിൽ കിടക്കുന്ന, ഒരു കുഞ്ഞ്. അതെ, ദൈവത്തിന്റെ അടയാളം, സഹായം ആവശ്യമായ, ദാരിദ്ര്യത്തിൽ കഴിയുന്ന ഒരു കുഞ്ഞിന്റേതാണ്-ലാളിത്യമാണ്. ഇന്നും നമ്മൾ ദൈവത്തെ കണ്ടുമുട്ടുന്നത് ദരിദ്രരിലും സഹായം ആവശ്യമായിരിക്കുന്നവരിലും തന്നെയാണ്. യേശു തന്നെ പഠിപ്പിച്ചതും അതാണല്ലോ : 'സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, എന്റെ ഏറ്റവും എളിയ ഈ സഹോദരൻമാരിൽ ഒരുവന് നിങ്ങൾ ഇതു ചെയ്തു കൊടുത്തപ്പോൾ എനിക്കു തന്നെയാണു ചെയ്തുതന്നത് ' (മത്താ 25 : 40). അതെ, എളിയ സഹോദരർക്ക് മുന്നിൽ നിറസാന്നിധ്യമാകാൻ നമുക്ക് കഴിഞ്ഞാൽ നാം അവർക്ക് ഒരു സമ്മാനമാകും. നമ്മുടെ സഹായം ധനം കൊണ്ട് മാത്രമല്ല, നമ്മുടെ ദയ, അറിവ്, പ്രാർത്ഥന, നമ്മുടെ സമയം, ഒരു വാക്ക് എന്തിനേറെ നമ്മുടെ ഒരു പുഞ്ചിരി പോലും സഹായമാണ്, സമ്മാനമാണ്.സമ്മാനങ്ങൾ വിശിഷ്ടമാകുന്നത് അത് നൽകുന്നവരുടെ വൈശിഷ്ട്യം കൊണ്ടാണ്. ആഗ്രഹിക്കാതെ ലഭിക്കുന്ന സമ്മാനങ്ങൾക്കും പ്രതീക്ഷിക്കാത്തവർക്ക് നൽകുന്ന സമ്മാനങ്ങൾക്കും ഒരു സ്വാഭാവിക വിശുദ്ധിയുണ്ട്. ഈ വിശുദ്ധിയിലേക്കാണ് ദൈവം നമ്മെയെല്ലാവരെയും ക്ഷണിച്ചിരിക്കുന്നത്.

2) ".. അവർ അതിവേഗം പോയി..."

തീർച്ചയായും അസാധാരണമായ സംഭവത്തെ പറ്റിയാണ് ഇടയന്മാർ കേട്ടത്. അതുകൊണ്ടു തന്നെ അത് കണ്ടറിയാനുള്ള കൗതുകം ബദ്‌ലഹേം വരെ പോകാൻ അവരെ ഭാഗികമായെങ്കിലും പ്രേരിപ്പിച്ചിട്ടുണ്ട് എന്നത് നിസംശയമാണ്. എന്നിരുന്നാലും അരുൾചെയ്യപ്പെട്ട വചനത്തോട് പ്രതികരിക്കാൻതക്ക തുറവി ഉള്ളവരായിരുന്നു അവർ എന്നതിൽ സംശയമില്ല. അത്, ആ രാത്രിയിൽ തന്നെ, ലോക രക്ഷകനെ കാണാനുള്ള ഭാഗ്യത്തിന് അവരെ അർഹരാക്കുകയും ചെയ്തു. അനുദിന ജീവിതത്തിൽ വചനത്തോടും ദൈവീക കാര്യങ്ങളോടുമുള്ള നമ്മുടെ മനോഭാവം എന്താണ് ? ദൈവീക കാര്യങ്ങൾ സൗകര്യപൂർവ്വം മാറ്റി വക്കയ്പ്പെടുന്നുണ്ടോ?മനുഷ്യനായി അവതരിച്ച വചനത്തെ ശ്രവിക്കാൻ (ബൈബിൾ വായന) കൂദാശയിലൂടെ അവിടത്തെ സ്വീകരിക്കാൻ (ദിവ്യബലി) എന്തുമാത്രം പ്രാധാന്യം നാം നൽകുന്നു? എന്റെ മുൻഗണനാ പട്ടികയിൽ ഇവയുടെ സ്ഥാനം എവിടെയാണ്? അലസതയുടെയും വിമുഖത യുടെയും മനോഭാവം ഒരുക്കി അത്ഭുതങ്ങൾക്കായി പ്രാർത്ഥിക്കുന്നവർ ആകാതെ ദൈവീക കാര്യങ്ങളോട് ക്രിയാത്മകമായി പ്രതികരിക്കുന്നവർ ആകാം. അങ്ങനെ ഇടയന്മാർ തങ്ങളോടു പറയപ്പെട്ടതുപോലെ കാണുകയും കേൾക്കുകയും ചെയ്ത സകല കാര്യങ്ങളെയും കുറിച്ച് ദൈവത്തെ മഹത്വപ്പെടുത്തുകയും സ്തുതിക്കുകയുംചെയ്തുകൊണ്ട് തിരിച്ചുപോയതുപോലെ (ലൂക്കാ 2:20) നമുക്കും ദൈവത്തിന്റെ വാഗ്ദാനങ്ങൾ കണ്ട് മടങ്ങാൻ ഇടയാകട്ടെ എന്ന് പ്രാർത്ഥിക്കാം.

**ഫാ . അനുരാജ് ആർ. എൽ.**
**സഹവികാരി**

# സെന്റ് സേവ്യേഴ്സ് ഇടവക
## പരസ്പര നിക്ഷേപ സഹായ നിധി

# 1. 4000 x 25 = 1,00,000/-
# 2. 2000 x 25 = 50,000/-

* MDS പരസ്പര നിക്ഷേപ സഹായനിധി ഭംഗിയായി നടന്നു വരുന്നു.

* ഓരോ 5 മാസവും നിക്ഷേപത്തുകയിൽ വർദ്ധനവ്. അവസാന 5 മാസവും മുഴുവൻ തുകയും സമ്മാനമായി നൽകുന്നു.

* 25 തവണകൾക്ക് പുറമെ അധികം തുക അടയ്ക്കേണ്ടതില്ല.

* ജാമ്യത്തിന്റെ നൂലാമാലകൾ ഇല്ല.



# എന്നെ അനുഗമിക്കുവിൻ....

**സിസ്റ്റർ ധന്യ മാത്യു**

മാധ്യമ രംഗത്തെ മഹാനായ അപ്പസ്തോലൻ ഫാദർ ജെയിംസ് അൽബറിയോൺ 1884 ഏപ്രിൽ നാലിന് വടക്കൻ ഇറ്റലിയിൽ ഒരു ദരിദ്ര കർഷക കുടുംബത്തിലാണ് ജനിച്ചത്. അദ്ദേഹത്തിന് ആറു വയസ്സുള്ളപ്പോൾ അദ്ദേഹത്തിന്റെ അധ്യാപിക മിസ് റോസിനകാർഡോൺ തന്റെ 80 വിദ്യാർഥികളിൽ ചിലരോട് അവർ വളർന്നു കഴിഞ്ഞാൽ ആരായിത്തീരാനാണ് ആഗ്രഹം എന്ന് ചോദിച്ചു. പല കുട്ടികളും പല ഉത്തരങ്ങളും പറഞ്ഞു. ഒടുവിൽ ജെയിംസിന്റെ ഊഴം എത്തി. അവൻ അല്പനേരം ചിന്തിച്ചിട്ട് സഹപാഠികളെ വിസ്മയിപ്പിച്ചുകൊണ്ട് നിശ്ചയദാർഢ്യത്തോടെ മറുപടി പറഞ്ഞു "എനിക്ക് ഒരു പുരോഹിതൻ ആകണം".

അദ്ദേഹത്തിന്റെ വിളിയുടെ ആദ്യത്തെ വ്യക്തമായ വെളിച്ചമായിരുന്നു അത്. അന്നുമുതൽ അവന്റെ സുഹൃത്തുക്കളും ചില സമയങ്ങളിൽ അവന്റെ സഹോദരന്മാരും അവനെ പുരോഹിതൻ എന്ന് വിളിക്കാൻ തുടങ്ങി, ചിലർ കളിയാക്കാനും മറ്റു ചിലർ അവന്റെ വിളിയുടെ മാഹാത്മ്യം മനസ്സിലാക്കാനും. അത് അവന്റെ ജീവിതശൈലിയിൽ വലിയ മാറ്റങ്ങൾ ഉണ്ടാക്കി. പിന്നീടുള്ള അവന്റെ പഠനം, ഭക്തി, ചിന്തകൾ, പെരുമാറ്റം എന്നിവ മാത്രമല്ല വിനോദസമയങ്ങൾ പോലും ഈ ഒരു ലക്ഷ്യത്തിലേക്ക് ആയിരുന്നു.

ജെയിംസ് പഠനത്തിൽ അത്ര മിടുക്കനായിരുന്നില്ല. എന്നാൽ ടീച്ചറിന്റെ പ്രോത്സാഹനവും സഹായവും അവന്റെ തന്നെ കഠിനാധ്വാനവും കൊണ്ട് നന്നായി പഠിച്ച് 1900ൽ ആൽബയിലെ ഒരു സെമിനാരിയിൽ പ്രവേശിച്ച് വൈദിക പഠനം ആരംഭിച്ചു. 1907ൽ പുരോഹിതനായ ജെയിംസ് തന്റെ കാലത്തെ ഏറ്റവും ഫലപ്രദമായ സാങ്കേതികവിദ്യ ഉപയോഗിച്ച് മാധ്യമങ്ങളുടെ അപ്പോസ്തലേറ്റിനെ പ്രോത്സാഹിപ്പിക്കുന്നതിനായി തന്റെ പൗരോഹിത്യ ജീവിതം മുഴുവൻ ചെലവഴിച്ചു. 1971ൽ അന്തരിച്ച അദ്ദേഹത്തെ 2003ൽ വിശുദ്ധ ജോൺപോൾ രണ്ടാമൻ മാർപാപ്പ വാഴ്ത്തപ്പെട്ടവരുടെ ഗണത്തിലേക്ക് ഉയർത്തി.

വളരെ ചെറുപ്പത്തിൽ തന്നെ തന്റെ വിളി തിരിച്ചറിഞ്ഞ് ആ ലക്ഷ്യത്തിലേക്ക് എത്തിച്ചേരാൻ കഠിനാധ്വാനം ചെയ്ത വാഴ്ത്തപ്പെട്ട ജെയിംസ് അൽബറിയോൺ ഇന്നത്തെ തലമുറയ്ക്ക് ഉത്തമ മാതൃകയാണ്. ആധുനിക സാങ്കേതികവിദ്യയുടെ പിന്നാലെ പരക്കം പായുന്ന ഇന്നത്തെ യുവ തലമുറയ്ക്ക് കുടുംബങ്ങളിൽ നിന്നും നൽകുന്ന ഉപദേശവും നന്നായി പഠിക്കണം, ജോലി നേടണം എന്നതു മാത്രമാണ്. എന്നാൽ ആരും തന്നെ നീ ഒരു വൈദികൻ ആകണം, സമർപ്പിതയാകണം,ക്രിസ്തുവിനു വേണ്ടി ജീവിക്കണം എന്ന് പറഞ്ഞു കൊടുക്കുന്നില്ല. അതുകൊണ്ടുതന്നെ വൈദിക സമർപ്പിത ജീവിതം തിരഞ്ഞെടുക്കുന്നവരുടെ എണ്ണവും വളരെ വിരളമായിരിക്കുന്നു.

പഠിക്കണം, ജോലി നേടണം, എങ്ങനെയും ജീവിതമാസ്വദിക്കണം എന്ന ലക്ഷ്യത്തോടെ ജീവിച്ച ഒരു വ്യക്തിയായിരുന്നു ഫ്രാൻസിസ് സേവ്യറും. ലോകത്തിന്റേതായ എല്ലാ സുഖവും സന്തോഷവും ഉണ്ടായിരുന്നിട്ടും ഒരു ചോദ്യത്തിന് മുന്നിൽ അദ്ദേഹം അസ്വസ്ഥനായി. "നീ ലോകം മുഴുവൻ നേടിയാലും സ്വന്തം ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ എന്ത് പ്രയോജനം"? വിശുദ്ധ ഇഗ്നേഷ്യസ് ലയോളയുടെ ഈ ചോദ്യത്തിനുള്ള ഉത്തരമാണ് ഫ്രാൻസിസ് സേവ്യറിനെ വിശുദ്ധ ഫ്രാൻസിസ് സേവ്യർ ആക്കി മാറ്റിയത്. ഇന്ത്യയിലേക്ക് കടന്നുവന്ന് കടലോര മേഖലയിൽ വിശ്വാസത്തിന്റെ ദീപം തെളിയിച്ച മഹാനായ പ്രേഷിതവര്യനാണ് അദ്ദേഹം.

ഇങ്ങനെ പറഞ്ഞു കേട്ടിട്ടുണ്ട്: അനേകം പേരുടെ കണ്ണുനീരിന്റെ ഫലമാണ് ഓരോ പുരോഹിതനും സമർപ്പിതയും എന്ന്. ഒരുതരത്തിൽ ചിന്തിച്ചാൽ അത് ശരിയാണ്. പല സ്ഥലങ്ങളിലും എത്രയോ പേരാണ് ഒരു വൈദികനേയോ സിസ്റ്ററിനെയോ കാത്തിരിക്കുന്നത്. പല മാതാപിതാക്കളും യുവജനങ്ങളും അവരുടെ മാനസിക വേദനകൾ പങ്കുവയ്ക്കുന്നത് ഭവന സന്ദർകന-

ത്തിനെത്തുന്ന വൈദികനോടോ സമർപ്പിതയോടോ ആണ്. അതിന്റെ കാരണം മറ്റൊന്നുമല്ല തങ്ങൾക്ക് വേണ്ടി തമ്പുരാനോട് അവർ പ്രാർത്ഥിക്കും എന്ന് ഉറപ്പാണ്.

പണ്ടുകാലങ്ങളിൽ കുടുംബങ്ങളിൽ സമർപ്പിത വിളിയുടെ പ്രാധാന്യത്തെക്കുറിച്ചും വിശ്വാസത്തിൽ വളരേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും മാതാപിതാക്കൾ മക്കൾക്ക് പറഞ്ഞു കൊടുക്കുമായിരുന്നു. ഈശോയ്ക്ക് വേണ്ടി ത്യാഗം ചെയ്യാൻ, ഉപവസിക്കാൻ മക്കളെ പരിശീലിപ്പിക്കുമായിരുന്നു. അനേകം പേർ സന്യാസത്തെ പുൽകിയിരുന്നു. പ്രായമായ ഏതൊരു പുരോഹിതനോടോ സിസ്റ്ററിനോടോ അവരുടെ സന്യാസ ജീവിതത്തിന്റെ പ്രചോദനം ആരാണ് എന്ന് ചോദിച്ചാൽ ഭൂരിഭാഗം പേരും പറയുക അവരുടെ അമ്മയുടെ പേരാണ്. കാരണം അമ്മ വിശ്വാസത്തിന്റെ പ്രതിരൂപമാണ്.

പ്രിയമുള്ളവരേ ഒരു വൈദികനും സമർപ്പിതയും പെട്ടെന്ന് പൊട്ടിമുളയ്ക്കുന്നതല്ല. മറിച്ച് അവർ ഓരോരുത്തരും ഓരോ കുടുംബങ്ങളിൽ നിന്നും വരുന്ന സാധാരണക്കാരായ വ്യക്തികളാണ്. എന്നാൽ ഓരോ കുടുംബവും സ്ഥാപിക്കപ്പെടുന്നത് ഈ പുരോഹിതന്റെ ആശീർവാദത്തോടെയാണ്. അതിനാൽ പ്രിയ മാതാപിതാക്കളേ ആത്മവിശ്വാസത്തോടെ ഞാൻ പറയും സമർപ്പിത ജീവിതം മഹാദാനമാണ്. തന്നെ അനുഗമിക്കുന്നവരുടെ കുറവുകൾ നിറവുകൾ ആക്കുന്നവൻ ആണ് കാലിത്തൊഴുത്തിൽ പിറന്ന നമ്മുടെ ഈശോ. പ്രിയ യുവജനങ്ങളേ നൽകാം നമ്മുടെ യുവത്വം ക്രിസ്തുവിനായി. അവന്റെ വിളിയോട് സാമുവലിനെ പോലെ നമുക്കും പറയാം: **കർത്താവേ-അരുളി ച്ചെയ്താലും അങ്ങയുടെ ദാസനിതാ ശ്രവിക്കുന്നു.**

# ബി.സി.സി. ലീഡേഴ്സ് യോഗം

**ഓരോ ബി.സി.സി യൂണിറ്റുകളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളുടെ ആദ്യ ഇടവകതല യോഗം 2024 ഡിസംബർ 15 ഞായറാഴ്ച 3 മണിക്ക് സെന്റ് സേവ്യേഴ്സ് പാരിഷ് ഹാളിൽ കൂടുന്നു.എല്ലാ പുതിയ ലീഡർമാരും കൃത്യമായി പങ്കെടുക്കേണ്ടതാണ്**

# അമ്മ (കവിത)

അമ്മേ മറിയമേ മാധ്യസ്ഥ്യമേകണേ
കരുണ തൻ നിറകുടം നീയാണമ്മേ
നിൻ തിരു സുതനായി നീ വാർത്ത കണ്ണുനീർ
ഇന്നും പൊഴിയുന്ന രക്തക്കണ്ണീർ
മക്കളാം ഞങ്ങളെ ചേർത്തിടുവാ
നൊഴുകുന്നു നിൻ പാവന മിഴികളമ്മേ
സ്വർഗ്ഗത്തിൻ വാതിലിൽ മക്കളെ നോക്കി നീ
പരിതപിച്ചീടുന്നതെന്തേ തായേ..
പാപാന്ധകാരത്താൽ പിടയുമാ
മർത്ത്യന്റെ കരം പിടിച്ചനുഗ്രഹമേകുമമ്മേ
പുത്രന്റെ വേദന ഹൃദയത്തി-
ലാഴത്തിലേൽപ്പിച്ച മുറിവുമായി
മാനവ മക്കൾ തൻ മാനസാന്തരത്തിനായ്
കണ്ണീർ പൊഴിക്കുന്നൊരമ്മ നീയേ
വരണേ...കനിയണേ... അനുഗ്രഹമേകണേ..
മക്കളാം ഞങ്ങളെ കൈവിടല്ലേ...
അമ്മേ നിൻ നിറമിഴിയൊഴുകുന്ന വേളയിൽ
അമ്പത്തിമൂന്നു മണി ഉച്ചരിക്കാം
കരയല്ലേ അമ്മേ...... പൊഴിയല്ലേ കണ്ണുനീർ
ചൊല്ലിടാം ഞങ്ങളീ ജപമാല........



**കവിത രഘു**
**പുന്നയ്ക്കാവിള**



**ക്രിസ്തുരാജന്റെ തിരുനാൾ ദിനത്തിൽ ഇടവക വികാരി മോൺ. സെൽവരാജൻ അച്ചന്റെ നാമഹേതുക തിരുനാൾ ഇടവക സമൂഹം ആഘോഷിച്ചു. ഇടവക കൗൺസിൽ സെക്രട്ടറി എസ്. ഒ. ഷാജി കുമാർ, അജപാലന സെക്രട്ടറി അനിൽകുമാർ, അക്കൗണ്ട് പ്രദീപ്, കെ.സി.വൈ.എം യൂണിറ്റ് പ്രസിഡന്റ് അരുൺ വി.പി., മതബോധന ഹെഡ്മിസ്ട്രസ്സ് ഷീജ ജെ. എച്ച്. എന്നിവർ ആശംസകൾ അർപ്പിക്കുകയും ഇടവകയുടെ അനുമോദനം നൽകുകയും ചെയ്തു.**

# വചനത്തിലേക്ക് മടങ്ങാം



സി. റ്റി. അനിത, താഴക്കാമണ്ണടി

"എന്റെ ഇത്രയും വർഷത്തെ അനുഭവത്തിൽ ഇത്രയും മോശം മതബോധന കണ്ടിട്ടില്ല. ഒരു ഭക്തിയും താല്പര്യവുമില്ലാത്ത കുട്ടികൾ." ഒരു മതബോധന അധ്യാപകൻ പങ്കുവെച്ചപ്പോൾ മറ്റൊരാൾ പിന്താങ്ങിക്കൊണ്ട് ഇപ്രകാരം പറഞ്ഞു. "സത്യമാണ് ഇപ്പോൾ കുട്ടികളുടെ രീതികൾ ഒക്കെ മാറി. നമ്മൾ എന്തൊക്കെ പറഞ്ഞാലും കുട്ടികളിൽ മാറ്റം വരുന്നില്ല." ഇരുവരുടെയും സംഭാഷണ ശ്രദ്ധിച്ച് ഒരു മുതിർന്ന അധ്യാപകൻ പറഞ്ഞു. "നിങ്ങൾ നന്നായി പ്രാർത്ഥിച്ച് ഒരുങ്ങി ദൈവത്തിന്റെ വചനം കൊടുക്കുക. അതിന്റെ വ്യാഖ്യാനവും നൽകുക. കുട്ടികളിൽ മാറ്റം വരും. ദൈവത്തിന്റെ വചനത്തിന് മാത്രമേ ഹൃദയങ്ങളെ സ്പർശിക്കാൻ കഴിയൂ, മാറ്റം വരുത്താൻ കഴിയൂ, അവരിൽ. മാനസാന്തരം ഉണ്ടാക്കാൻ കഴിയൂ."

ദൈവത്തിന്റെ വചനമാണ് ഒരാളെ ശുദ്ധീകരിക്കുന്നതെന്നും ( യോഹന്നാൻ 17:17), വചനമാണ് ഒരാളെ സ്വാതന്ത്ര്യത്തിലേക്ക് നയിക്കുന്നതെന്നും ( യോഹന്നാൻ 8:32) നമുക്കറിയാമെങ്കിലും അനുദിന ജീവിതത്തിൽ വചനത്തിന് പലപ്പോഴും വേണ്ടത്ര പ്രാധാന്യം നൽകാതെ പോകുന്നു. സുവിശേഷ ശുശ്രൂഷകളിൽ പോലും വചനത്തെക്കാൾ പ്രാധാന്യം മറ്റുപലതിനും കൊടുക്കുന്ന സാഹചര്യം ഉണ്ടാകുന്നു.

ലോകത്തിന്റെ എല്ലാ മോഹങ്ങളിലും മുഴുകി ജീവിച്ചിരുന്ന അഗസ്റ്റിൻ എന്ന മനുഷ്യനെ വിശുദ്ധ അഗസ്റ്റിനാക്കി മാറ്റിയത് വചനമായിരുന്നു (റോമാ 13,13:14), സാധാരണ ടീച്ചറായി ജോലി നോക്കിയിരുന്ന കന്യാസ്ത്രീയെ ദൈവത്തിന്റെ കരുണയുടെയും സ്നേഹത്തിന്റെയും മുഖം ലോകത്തിൽ പ്രകാശിപ്പിച്ച വിശുദ്ധ മദർ തെരേസയായി മാറ്റിയതും വചനം ആയിരുന്നു (മത്തായി 25:40) എല്ലാ വിശുദ്ധരുടെയും വിശുദ്ധ ജീവിതത്തിന് പിന്നിലും വചനത്തിന്റെ സ്വാധീനമായിരുന്നു.സഭയുടെ നവീകരണത്തിനും, കുട്ടികളിലും, മുതിർന്നവരിലും, മാറ്റങ്ങൾ സംഭവിക്കാനും നമുക്ക് വചനത്തിലേക്ക് തന്നെ മടങ്ങാം.

# തെറ്റ്



**സിമി, പണ്ടാരത്തോട്ടം**

ഇന്നിന്റെ ലോകം വച്ച് നീട്ടുന്ന സ്വപ്നവലയങ്ങളിൽ അകപ്പെട്ടു പോകുന്നവർ ഏറെയാണ്.തിന്മയുടെ സാഹചര്യങ്ങൾ പലപ്പോഴും മധുരമുള്ളതായിരിക്കും. എന്നാൽ അതിന്റെ പരിണിതഫലമോ കൈപ്പേറിയതും. സൃഷ്ടിയുടെ ആരംഭത്തിൽ തന്നെ അത് തെളിയിക്കപ്പെട്ടതുമാണ്. ദൈവത്തിന്റെ പദ്ധതി അനുസരിച്ച് സ്വന്തമായി കിട്ടിയ 'പറുദീസ' എന്നന്നേക്കുമായി മറക്കേണ്ടി വന്നതും ആദവും ഹവ്വയും ചെയ്ത തെറ്റുമൂലമാണ്.

കൗശലക്കാരനായ സാത്താന്റെ പ്രതിരൂപമായ സർപ്പത്തിന്റെ വാക്കുകൾ വിശ്വസിച്ച് മറ്റുള്ളവയെക്കാൾ സൗന്ദര്യവും സ്വാദിഷ്ടവുമാണെന്ന് കണ്ടു വിലക്കപ്പെട്ട കനി' ഭക്ഷിച്ചു. അതിന്റെ ഫലമോ.? അന്ധകാരത്തിന്റെ ഗർത്തത്തിൽ നിപതിക്കുന്നത് പോലും അറിയാൻ കഴിയാത്ത വിധം സാത്താൻ കരുക്കൾ നീക്കുന്നു എന്നർത്ഥം. എല്ലാതരത്തിലും വർണ്ണാഭമാണ് തെറ്റിന്റെ പാത. അതിനൊരുദാഹരണം ചൂണ്ടിക്കാണിക്കാം..

മഞ്ഞു പ്രദേശങ്ങളിൽ താമസിക്കുന്ന ഒരു ജന്തുവാണ് ധ്രുവക്കരടി. ഇതിന്റെ തോൽവിലയുള്ളതും. തണുപ്പ് കാലത്ത് ഉപയോഗിക്കുന്ന കുപ്പായം ഇത് ഉപയോഗിച്ചാണ് തുന്നുന്നത്. എന്നാൽ തോലിനു മുറിവ് പറ്റിയാൽ അതുകൊണ്ട് പ്രയോജനമില്ല. മുറിവേൽക്കാതെ കരടിയെ എങ്ങനെ കീഴ്പ്പെടുത്തും.? അതിനായി ഉപയോഗിക്കുന്ന ഒരു മാർഗ്ഗം ഉണ്ട്. കരടികൾ സഞ്ചരിക്കുന്ന വഴികളിൽ മൂർച്ചയുള്ള കത്തികൾ ചോര പുരട്ടി ഉറപ്പിച്ചു വയ്ക്കും. കാണുമ്പോൾ മഞ്ഞിനു മുകളിൽ ചോര ത്തുള്ളികൾ വീണു കിടക്കുന്നതുപോലെ തോന്നുകയുള്ളൂ... കാണാനും അതിമനോഹരം. ചോരയുടെ മണം പിടിച്ച് കരടികൾ വന്ന് കത്തിയിൽ നക്കാൻ തുടങ്ങും. രക്തത്തിന്റെ രുചിയിൽ സ്വന്തം നാവിന് മുറിവേൽക്കുന്നത് പോലും അവ അറിയുന്നില്ല. ഇങ്ങനെ നാവിന് പറ്റിയ മുറിവിലൂടെ രക്തം വാർന്നു പോയാണ് അവയ്ക്ക് ബോധം നശിക്കുന്നത്... മുറിവൊന്നും ഏൽക്കാതെ തോൽ ലഭിക്കുകയും ചെയ്യും

വെളിച്ചം കണ്ട് മെഴുകുതിരി നാളത്തിലേക്ക് അടുക്കുന്ന ഈയ്യാംപാറ്റകൾ ചിറകുകൾ എരിയുമ്പോൾ പോലും അവ അറിയുന്നില്ല. വന്ന് അടുത്തത് അപകടത്തിലാണ് എന്ന്. അങ്ങനെ പതിയെ... പതിയെ... അവ എരിഞ്ഞടങ്ങുന്നു. നമ്മിൽ പലരും ഈയാം പാറ്റകളെ പോലെയാണ്. മനോഹാരിതയിൽ മയങ്ങി തെറ്റിന്റെ പാതയിൽ നടന്നടുത്ത് മരണം നമ്മെ വേട്ടയാടുമ്പോൾ പോലും നാം അറിയുന്നില്ല സാത്താൻ നമ്മെ കീഴടക്കി എന്ന്....

അതിനാൽ പ്രിയപ്പെട്ടവരെ നന്മയും തിന്മയും നിറഞ്ഞ ജീവിത പാതയിൽ നന്മയുടെ കരംപിടിക്കാം. മുള്ളുകൾക്കിടയിൽ വിരിയുന്ന റോസാ പ്പൂക്കൾ മുറിവേൽക്കാതെ ശോഭിക്കുന്നത് പോലെ നമ്മുടെ ജീവിതവും എന്നാൽ മാത്രമേ ശോഭിക്കുകയുള്ളൂ. അതിനാൽ നന്മയുടെ കരം പിടിച്ച് യാത്ര തുടരാം, ഈശോയെ കൂട്ടുകാരനാക്കാം.....

# മിന്നും താരമേ



ജിഷ ബി.ജി., പഴയകട

മിന്നും താരമേ
എരിയും നാളമേ
കണ്ടോ പുൽക്കൂട്ടിൽ യേശു നാഥനെ
മഞ്ഞു പെയ്യും രാവിൽ
ബെത്‌ലഹേം തൻ മാറിൽ
പിറന്നല്ലോ മേരി തൻ പൊന്നുണ്ണി
മാലാഖമാർ തൻ താരാട്ടിതാ
മണ്ണിൽ എങ്ങും നിറഞ്ഞിതാ
Gloria gloriya gloriya
Gloria in excelsis deo
Glory in the highest to god

# അഭിനന്ദനങ്ങൾ



ഈ വർഷത്തെ കെ.സി.വൈ.എം. സംസ്ഥാന കലോത്സവത്തിൽ ഇടവകയിൽ നിന്നും ഏഴ് ഇനങ്ങളിലായി പങ്കെടുത്ത 18 യുവജനങ്ങളും വിജയികളാവുകയും നെയ്യാറ്റിൻകര രൂപതക്ക് ഓവറോൾ മൂന്നാം സ്ഥാനം നേടിക്കൊടുക്കുകയും ചെയ്തു. രൂപതയ്ക്ക് ആകെ ലഭിച്ച 193 പോയിന്റിൽ 56 പോയിന്റും തിരുപുറത്തെ യുവജനങ്ങളുടേതായിരുന്നു.

# ഡിസംബർ മാസത്തെ
# ബി.സി.സി. കുടുംബയോഗങ്ങൾ

| NO | യൂണിറ്റ് | ദിവസം | സമയം | ഭവനം |
|---|---|---|---|---|
| 1 | താഴക്കാമണ്ണടി | 29/12/2024<br>21/12/2024 | 6:00PM<br>6:00PM | ചെല്ലമ്മ<br>സുനിൽദത്ത് |
| 2 | ചില്ലിൻവിള | 29/12/2024<br>21/12/2024 | 6:30PM<br>6:30PM | അശോക്<br>ഗോഡ്വിൻ |
| 3 | വലിയവിള | 29/12/2024<br>21/12/2024 | 6:30PM<br>6:30PM | ശശികുമാരി<br>രാജമണി |
| 4 | പ്ലാന്തോട്ടം | 29/12/2024<br>21/12/2024 | 6:30PM<br>6:30PM | ആദർശ്<br>രാജു |
| 5 | മോന്തിവിള | 29/12/2024<br>22/12/2024 | 6:00PM<br>6:00PM | ശാലിനി<br>പുഷ്പാകരൻ |
| 6 | കാരയ്ക്കാവിള | 29/12/2024<br>20/12/2024 | 5:30PM<br>5:30PM | ദേവസഹായം<br>നേശമണി |
| 7 | പണ്ടാരത്തോട്ടം | 29/12/2024<br>21/12/2024 | 6:30PM<br>6:30PM | വസന്ത<br>ബെൻസിലാൽ |
| 8 | മണ്ണക്കല്ല് | 29/12/2024<br>20/12/2024 | 5:30PM<br>5:30PM | ജോർജ് (വാർഷികം)<br>സുധാകരൻ |
| 9 | പുത്തൻകട | 29/12/2024<br>21/12/2024 | 7:00PM<br>7:00PM | ജോർജ്<br>നിർമ്മല |
| 10 | മുടന്താന്നി | 29/12/2024<br>21/12/2024 | 5:30PM<br>5:30PM | സ്റ്റീഫൻ<br>സുശീല |

| NO | യൂണിറ്റ് | ദിവസം | സമയം | ഭവനം |
|---|---|---|---|---|
| 11 | മണലിക്കടവ് | 14/12/2024<br>29/12/2024 | 6:00PM<br>6:00PM | ക്രിസ്തുദാസ്<br>രാജേഷ് |
| 12 | മലഞ്ചരിക് | 29/12/2024<br>21/12/2024 | 6:30PM<br>6:30PM | സജു<br>സുലോചന |
| 13 | പഴയകട | 15/12/2024<br>29/12/2024 | 6:30PM<br>6:30PM | രാജീവ്മോൻ<br>ജോയ്മോൻ |
| 14 | പട്ട്യക്കാല | 15/12/2024<br>29/12/2024 | 6:30PM<br>6:30PM | ജസ്റ്റിൻരാജ്<br>ലൈല |
| 15 | പള്ളിമന | 09/12/2024<br>29/12/2024 | 6:00PM<br>6:00PM | രാജൻബാബു<br>റോബി |
| 16 | കുളങ്ങരവിള | 15/12/2024<br>23/12/2024 | 5:30PM<br>5:30PM | ഷൈജു<br>അനിൽകുമാർ |
| 17 | കടവിള | 15/12/2024<br>29/12/2024 | 6:30PM<br>6:30PM | ചന്ദ്രിക<br>വിജയാനന്ദൻ |
| 18 | പുന്നക്കാവിള | 14/12/2024<br>28/12/2024 | 5:30PM<br>5:30PM | സുരേഷ്കുമാർ<br>കുമാർ |

# ഉണ്ണീശോക്ക് ഇത്തിരി ഇടം നൽകാമോ ?

രജനി എസ്.റ്റി

ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ അവർ ദൈവത്തെ കാണും.
(മത്തായി 5:8)

മരം കോച്ചുന്ന തണുപ്പുള്ളൊരു സായംസന്ധ്യ. ക്ഷീണിച്ചവശരായ ആ ദമ്പതികൾ കുറച്ചകലെ ഗുഹ പോലെ തോന്നിക്കുന്ന ഒന്നിന്റെ അരികിലേക്ക് നടന്നു നീങ്ങുകയാണ്. ഭൂമിയിൽ ഉടനെ ഉണ്ടാകാനിരിക്കുന്ന ഒരു മഹാസംഭവത്തിന്റെ ഭാഗമാകാനായി ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ട

വരാണവർ. പരിശുദ്ധ കന്യകാമറിയവും യൗസേപ്പിതാവും. രണ്ടു സഹസ്രാബ്ദങ്ങൾക്കു മുൻപ് സ്വർഗ്ഗത്തിന്റെ മനോഹാരിത മുഴുവൻ ആരാലും ശ്രദ്ധിക്കപ്പെടാത്ത ഒരു കാലിത്തൊഴുത്തിലേക്ക് താണിറങ്ങിയ മനോഹര ദിനമായിരുന്നു അത്.

അന്ന് പ്രഭാതം മുഴുവനും യൗസേപ്പും മേരിയും ദൈവപുത്രന് പിറക്കാനായി ഇത്തിരി ഇടം തേടി അലയുകയായിരുന്നു പല വാതിലുകളും മുട്ടിനോക്കി, ചിലരോടൊക്കെ കേണപേക്ഷിച്ചു. പലരും അവരെ കണ്ടില്ലെന്ന് നടിച്ചു. മറ്റു ചിലർ അവരെ ശ്രദ്ധിച്ചു പോലുമില്ല. ഗർഭിണിയായ സ്ത്രീ തങ്ങൾക്ക് ശല്യമാകുമെന്ന് കരുതിയ ഒരു വിഭാഗം. തങ്ങൾക്ക് ലഭിച്ച സൗകര്യങ്ങൾ ഇവർ കാരണം നഷ്ടപ്പെട്ടാലോ എന്ന് ചിന്തിച്ചവരും അവിടെ ഉണ്ടായിരുന്നു. സ്വാർത്ഥതയും ജീവിത വ്യഗ്രതയും അന്ധമാക്കിയ അവരുടെ ഹൃദയത്തിന്, യുഗങ്ങൾക്കു മുൻപേ പ്രവാചകന്മാരാൽ പ്രവചിക്കപ്പെട്ട രക്ഷകന്റെ ജനനം തിരിച്ചറിയാൻ സാധിച്ചില്ല. ഇതുപോലെ ഈശോയെ കൂടെക്കൂട്ടിയാൽ ചില വിട്ടുപേക്ഷിക്കലുകൾ വേണ്ടിവരുമെന്ന് ചിന്തിച്ച് ഈശോയെ മാറ്റിനിർത്താനും ലോകത്തിന്റേതായ പലതും ചേർത്തുവയ്ക്കാനും നമ്മളും ശ്രമിച്ചിട്ടില്ലേ ??

ആ രാത്രിയിൽ കുറച്ചകലെ വിശാലമായ പുൽത്തകിടിയിൽ മറ്റൊരുകൂട്ടർ ഉണ്ടായിരുന്നു. ഉന്നതകുലത്തിന്റെ മതിപ്പോ പ്രൗഢഗംഭീരമായ ജീവിതത്തിന്റെ അഹങ്കാരമോ മുൻവിധികളോ ഇല്ലാതെ നിഷ്കളങ്കഹൃദയത്തോടെ ഉറങ്ങുകയായിരുന്ന കുറെ ആട്ടിടയർ. അവർക്കരികിലേക്കായിരുന്നു തിരുപ്പിറവിയുടെ ദൂതുമായി മാലാഖമാർ എത്തിയത്. കാരണം ആ പുൽമേടിന്റെ സൗന്ദര്യവും വിശാലതയും അവരുടെ ഹൃദയത്തിനുണ്ടായിരുന്നു. അവർക്കായിരുന്നു രക്ഷകനെ കാണാനും വണങ്ങാനും സാധിച്ചത്. ഇത്രയും വലിയ കൃപ സ്വന്തമാക്കാൻ നമുക്കും ഒരുങ്ങണ്ടേ ?

ഇനിയൊരു കാലിത്തൊഴുത്തിൽ ഈശോ ഭൂജാതനാവുകയില്ല. വീണ്ടുമൊരു തിരുപ്പിറവിയുടെ സന്ദേശമോതാൻ മാലാഖമാർ എത്തുകയില്ല. പക്ഷെ ഓരോ നിമിഷവും ഈശോ നമുക്കരികിലണഞ്ഞ് ഇപ്രകാരം ചോദിക്കുന്നുണ്ട്. 'എന്റെ കുഞ്ഞേ, എനിക്കായ് നിന്റെ ഹൃദയത്തിൽ ഇത്തിരി ഇടം നൽകാമോ ?' ലോകമോഹങ്ങളുടെയും ജീവിത വ്യഗ്രതയുടെയും സത്രമായിത്തീർന്ന നമ്മുടെ ഹൃദയങ്ങളെ ഈശോക്ക് ജനിക്കാനുള്ള മനോഹരമായ പുൽക്കൂടാക്കി മാറ്റാം നമുക്ക്. അങ്ങനെ ഈ തിരുപ്പിറവികാലത്ത് നമ്മുടെ ഹൃദയവും സ്വർഗ്ഗത്തിന്റെ മനോഹാരിതയാൽ നിറയപ്പെടട്ടെ. അപ്പോൾ മാലാഖമാർ നമ്മെ നോക്കി സന്തോഷത്തോടെ ഇപ്രകാരം പാടും, **അത്യുന്നതങ്ങളിൽ ദൈവത്തിന് മഹത്വം! ഭൂമിയിൽ ദൈവകൃപ ലഭിച്ചവർക്ക് സമാധാനം!.**



പ്രഥമ വ്രതവാഗ്ദാനത്തെ തുടർന്ന് ഇടവകയിൽ നടന്ന കൃതജ്ഞത ബലിക്ക് ശേഷം സിസ്റ്റർ സജിനി (പുന്നയ്ക്കാവിള)



ഉപദേശിയായി സേവനം ആരംഭിച്ചതിന്റെ നാൽപ്പതാം വാർഷികാഘോഷം ദിവ്യബലിയോടെ തിരുപുറം ഇടവക കുടുംബത്തോടൊപ്പം ആഘോഷിച്ച ശ്രീ. തോമസ് ഉപദേശിയും കുടുംബവും



**തിരുപുറം ഉർസുലൈൻ കോൺവെന്റിലെ ആദ്യ സുപ്പീരിയറും ഇടവക സെന്റ് സേവ്യേഴ്സ് സ്കൂളിൻറെ പ്രഥമ പ്രിൻസിപ്പലുമായിരുന്ന സിസ്റ്റർ മാർസെല നിത്യതയിലേക്ക് പ്രവേശിച്ചു. സിസ്റ്ററിന്റെ പാവന സ്മരണയ്ക്ക് മുമ്പിൽ ഇടവക കുടുംബത്തിൻറെ ആദരാഞ്ജലികൾ**

# അന്നയുടെ പ്രണയം



**ആൻസി എസ്.എസ്.,പുന്നയ്ക്കാവിള**

പപ്പയും മമ്മിയും കൂടി അവളെ പൊതിഞ്ഞു നിന്ന ആ കൈകളിലേക്ക് നൽകി. വെള്ള വസ്ത്രം അണിഞ്ഞ് മാലാഖയെ പോലെ തിളങ്ങിയ അവൾക്ക് മറ്റൊന്നും മനസ്സിലാകുന്നുണ്ടായിരുന്നില്ല. ആ പള്ളിയിൽ രൂപ-ങ്ങളോ, അച്ചന്റെ പ്രാർത്ഥനകളോ, ചുറ്റും നടക്കുന്നതൊന്നും... ആ സ്വർഗ്ഗീയ അപ്പന്റെ കൈയിലെ സ്നേഹച്ചൂട് മാത്രം....

ദിനങ്ങൾ കഴിയുംതോറും ആ സ്നേഹത്തിന്റെ പുതുമയും നിറവും ആ നിഷ്കളങ്ക ഹൃദയം അനുഭവിച്ചു. ഒരു ക്രിസ്മസ് രാത്രി... കണ്ട ആ ഉണ്ണി അവളെ നോക്കി പുഞ്ചിരിച്ചു, അവന്റെ അടുത്ത് പോകാൻ. ഒന്ന് തൊടാൻ അവൾ കൊതിച്ചു.മമ്മി അവളെ ആ ഉണ്ണിയുടെ അടുത്തേക്ക് ചേർത്തുവച്ചു പറഞ്ഞു നിനക്ക് വേണ്ടിയാ അവൻ വന്നത്... ആ കാലിത്തൊ-ഴുത്തിൽ പിറന്ന രാജാധിരാജന്റെ കയ്യിൽ തന്റെ കൈയും അവൾ ചേർത്തു-വച്ചു. പിന്നെ ആ കൈപിടിച്ചായിരുന്നു അവളുടെ നടത്തം. വളരും തോറും അവനെക്കുറിച്ച് അറിയാനും ആ സ്നേഹബന്ധം വളർത്താനും അവന്റെ സ്നേഹം കാരണമായി. പിന്നീട് ദിവ്യകാരുണ്യമായിരുന്നു അവളുടെ ലക്ഷ്യം. അതിനായി ഒരുപാട് കൊതിച്ചു. പതിമൂന്നാം വയസ്സിൽ നിഷ്കളങ്ക ഹൃദയത്തോടെ കുമ്പസാരിച്ച് ദൈവപുത്രനെ ഹൃദയത്തിൽ സ്വീകരിക്കു മ്പോൾ കൈയ്യിൽ കരുതിയ സ്നേഹാഗ്നി ഹൃദയത്തിലെത്തുകയായിരുന്നു. എന്നാൽ ആ നിഷ്കളങ്ക ഹൃദയം അവൾക്ക് വീണ്ടും വീണ്ടും നഷ്ടമായി. ഇഷ്ടങ്ങളും ആഗ്രഹങ്ങളും ഹൃദയത്തിലേക്ക് കയറിയപ്പോൾ ആ സ്നേഹം വായ്ത്തുമ്പിൽ അവൾ ഒതുക്കി. എന്നാൽ അതിഥികളെ പോലെയെത്തുന്ന വേദനകൾ തിരിഞ്ഞുനോക്കാൻ അവളെ പ്രേരിപ്പിച്ചു. തന്നെ നോക്കി നിൽക്കുന്ന തന്നെക്കാൾ വേദനിക്കുന്ന അവനെ കാണുമ്പോൾ കാൽവരി മലയിലെ അതേ കണ്ണുകൾ അവളെ വീണ്ടും ദേവാലയത്തിലെ അനുരഞ്ജന കൂട്ടിലേക്കും തിരുഹൃദയത്തിലേക്കും നയിക്കും. പതിനെട്ടാം വയസ്സിൽ ലഭിച്ച ആത്മാവിന്റെ മുദ്ര അവളെ കൂടുതൽ സുന്ദരിയാക്കി. മറ്റാരെക്കാളും തന്നെ മനസ്സിലാക്കുന്ന എപ്പോഴും തന്റെ കൂടെ നടക്കുന്ന ദൈവകുമാരൻ അവൾക്ക് ഒരു അപ്പനും സഹോദരനും കൂട്ടുകാരനും സ്നേഹിതനുമായി മാറുന്നു. ഇണങ്ങിയും പിണങ്ങിയും ഉള്ള അവരുടെ സഞ്ചാരത്തിൽ അവളുടെ കൂടെ ആരൊക്കെ വന്നുചേർന്നാലും മാതാപിതാക്കളും കൂട്ടുകാരും ഭർത്താവും മക്കളും കുടുംബവും ആരൊക്കെ വന്നാലും ശാശ്വത സ്നേഹം നൽകാൻ അവനു മാത്രമേ കഴിയുന്നുള്ളൂ. ദു:ഖവെള്ളിയും ഈസ്റ്ററും സ്വർഗ്ഗാരോഹ-ണവും കഴിഞ്ഞ് വീണ്ടും അവൻ പുൽക്കൂട്ടിൽ നിനക്കായി പിറക്കുമ്പോൾ ഓരോ ക്രിസ്തുമസ് രാവും പറയും **നിന്റെ കൂടെ ആയിരിക്കാൻ നിനക്ക് വേണ്ടി അവൻ പിറന്നു.... നിനക്കുവേണ്ടി....**



തിരുപുറം വിശുദ്ധ ഫ്രാൻസിസ് സേവ്യർ ഇടവക തിരുനാളിനു തുടക്കമായി. നെയ്യാറ്റിൻകര രൂപതാ മെത്രാൻ റൈറ്റ് റവ. ഡോ. വിൻസെന്റ് സമുവേൽ തിരുനാൾ കോടിയേറ്റ് കർമ്മം നിർവഹിക്കുകയും, പൊന്തിഫിക്കൽ ദിവ്യബലി അർപ്പിക്കുകയും, ആശീർവദിക്കുകയും ചെയ്തു. വെരി റവ. മോൺ. ഡോ. ഡി. സെൽവരാജൻ, റവ. ഫാ. അനുരാജ് ആർ. എൽ., റവ. ഫാ.ജോയ് സാബു തുടങ്ങിയവർ സമീപം.



# ലോഗോസ് ക്വിസ്സ് 2024

**ടെസ്റ്റ് പേപ്പർ : 1**

## വ്യവസ്ഥകൾ

1) ഡിസംബർ 31 ചൊവ്വാഴ്ച വൈകുന്നേരം 6:00 PMന് മുമ്പായി പാരിഷ്ഹാളിന്റെ ലെറ്റർ ബോക്സിൽ നിക്ഷേപിക്കുകയോ ഇടവകവികാരിയെ ഏൽപ്പിക്കുകയോ ചെയ്യുക

2) ആദ്യ സ്ഥാനം കരസ്ഥമാക്കുന്ന മൂന്നുപേർക്ക് സമ്മാനങ്ങൾ നൽകുന്നു (ഒന്നിലധികം പേർ ഒരേ മാർക്കിൽ വന്നാൽ നറുക്കെടുപ്പിലൂടെ വിജയികളെ പ്രഖ്യാപിക്കുന്നതാണ്)

3) ഒരു ഭവനത്തിൽ നിന്ന് ഒരാൾ മാത്രമേ മത്സരിക്കാവു

## ന്യായാധിപന്മാർ അധ്യായം 11 മുതൽ 21 വരെ

1. പൗരോഹിത്യശുശ്രൂഷ നടത്തിയിരുന്ന ഏലെയാസറിന്റെ പുത്രൻ ആര് ?
2. സാംസൺ ഭാര്യയെ സന്ദർശിക്കാൻ ചെന്നപ്പോൾ കൊണ്ടുപോയതെന്താണ്?

3 'റാമാത്ത് ലേഹി' എന്ന പദത്തിന്റെ അർഥം ?

4. അമ്മോന്യർക്കെതിരെ ജീവൻ കൈയ്യിലെടുത്ത് പോരാടിയതാര് ?

5 13ാം അധ്യായത്തിൽ 3 തവണ ആവർത്തിക്കുന്ന വചനം ?

6. സാംസണിൽ കർത്താവിന്റെ ദൂതൻ പ്രവേശിച്ചതെവിടെ വച്ച് ?
7. 'മഹാനേദാൻ' എന്ന പദത്തിന്റെ അർഥം ?
8. യാബേഷ് ഗിലെയാദിലെ നാന്നൂറു കന്യകമാരെ എവിടെ കൂടികൊണ്ടു പോയി ?
9. സ്ത്രീകൾ അറ്റുപോയ ഗോത്രം ഏത്?
10. ഫിലിസ്ത്യർ സാംസണെ പിടിച്ച് എവിടേക്ക് കൊണ്ടുപോയി ?
11. സാംസൺ പറഞ്ഞ കടങ്കഥ എന്നായിരുന്നു ?
12. മിസ്പായിൽ കർത്താവിന്റെ മുന്നിൽ വച്ച് ജനങ്ങളോടു സംസാരിച്ചതാര് ?

13 ഫിലിസ്ത്യരുടെ ആക്രമണത്തിനു വിധേയമായ യൂദായിലെ പട്ടണം?

14. 'ഒരു ലേവ്യനെ പുരോഹിതനായി ലഭിച്ചതുകൊണ്ട് കർത്താവ് എന്നെ അനുഗ്രഹിക്കുമെന്ന് ഞാൻ അറിയുന്നു.' ഇതു പറഞ്ഞതാര് ?

15 സഹോദര ഗോത്രമായ ബഞ്ചമിനോട് ആർക്കാണ് അനുകമ്പതോന്നിയത്?

16. ബഞ്ചമിൻ ഗോത്രക്കാരുടെ പട്ടണമേത്?
17. ഒരു സിംഹക്കുട്ടി സാംസണിന്റെ നേരെ അലറിവന്നത് എവിടെ എത്തിയപ്പോഴാണ് ?
18. അമ്മോന്യരെ തോൽപിച്ച ഗിലെയാദുകാരൻ ആര് ?
19. മനോവയുടെ ഭാര്യയ്ക്ക് ദൈവ പുരുഷൻ എത്ര തവണ പ്രത്യക്ഷപ്പെട്ടു ?

20 സാംസൻ തന്റെ ശക്തിയുടെ രഹസ്യം ദലീലയോട് എത്രാം പ്രാവശ്യമാണ് ശരിയായി പറഞ്ഞത് ?

21. ബഞ്ചമിൻ ഗോത്രക്കാരോട് യുദ്ധം ചെയ്യാൻ ആദ്യം ആരു പോകാനാണ് കർത്താവ് അരുളിചെയ്തത്?
22. ബത്റെഹോബിലുള്ള താഴ്‌വരയിലായിരുന്നു ________________?
23. ആരുടെ ധാന്യവിളയിലേക്കാണ് സാംസൺ കുറുനരികളെ പന്തം കൊളുത്തി വിട്ടത് ?
24. ഗിലെയാദുകാർ എഫ്രായിമിന്റെയും മനാസ്സെയുടെയുമിടയിൽ വെറും അഭയാർഥികളാണ് എന്നു പറഞ്ഞതാര്?
25. ഫിലിസ്ത്യ യുവതിയെ വിവാഹം ചെയ്തുതരണം എന്നാവശ്യപ്പെട്ടതാര് ?
26. സാംസൺ വെള്ളം കുടിച്ച് ഊർജ്ജസ്വലനായ സ്ഥലത്തിനു കിട്ടിയ പേര്?
27. ഇസ്രായേൽ മിസ്പായിൽ ഒന്നിച്ചുകൂടിയപ്പോൾ പങ്കെടുത്തവർ എവിടത്തെ നിവാസികളായിരുന്നു?
28. 'നിങ്ങൾ പോയി മുന്തിരിത്തോട്ടങ്ങളിൽ പതിയിരിക്കുവിൻ' എന്ന് ബഞ്ചമിൻകാരോട് നിർദ്ദേശിച്ചതാര് ?
29. ദേശം ഉറ്റുനോക്കാൻ ദാൻ ഗോത്രക്കാർ എത്രപേരെ അയച്ചു?
30. സാംസണിന് തോഴരായി എത്രപേരെ കൊടുത്തു?
31. ജഫ്താ തന്റെ സഹോദരൻമാരിൽ നിന്ന് ഓടിപ്പോയി താമസിച്ച സ്ഥലം ?
32. തിമ്നാകാരന്റെ മരുമകൻ എന്നു പറയുന്നത് ആരെയാണ് ?
33. അവർക്ക് ഒന്നിനും കുറവില്ലായിരുന്നു എന്നു പറയുന്നത് ആരെ കുറിച്ചാണ് ?
34. കർത്താവിന്റെ ഉൽസവം വർഷം തോറും ആഘോഷിക്കാറുണ്ടായിരുന്നത് എവിടെ ?
35. ഇസ്രായേൽ ജനം മുഴുവൻ ഏകമനസ്സോടെ കർത്താവിന്റെ മുമ്പിൽ ഒരുമിച്ചുകൂടിയത് എവിടെ ?
36. ഫിലിസ്ത്യരെ ക്രൂരമായി പ്രഹരിച്ച് കൊന്നുകളഞ്ഞ ശേഷം സാംസൺ പോയി താമസിച്ചതെവിടെ ?
37. മൊവാബിന്റെ അതിർത്തി പ്രദേശം ?
38. സന്തോഷിച്ചു മതിമറന്ന ഫിലിസ്ത്യർ എന്തിനാണ് സാംസണെ വിളിച്ചത് ?
39. ബഞ്ചിൻ വംശജന് ഭാര്യയെ നൽകുന്നവൻ__________ആയിരിക്കുമെന്ന് ഇസ്രായേൽ ജനം ശപഥം ചെയ്തിട്ടുണ്ട്. ?
40. സാംസൺ സ്നേഹിച്ച സോറേക്കു താഴ്‌വരയിലെ സ്ത്രീ ?
41. ഏത്താം പാറയിടുക്കിൽ സാംസനെ അന്വേഷിച്ചെത്തിയത് ?
42. ഇബ്സാൻ അടക്കപ്പെട്ടതെവിടെ ?
43. മുന്തിരിയിൽ നിന്നു ഇതൊന്നും ഭക്ഷിക്കരുത് എന്ന് ദൈവപുരുഷൻ പറഞ്ഞത് ആരോടാണ് ?
44. ഇസ്രയേൽ ജനം ബഞ്ചമിൻ ഗോത്രത്തിനെതിരായുള്ള യുദ്ധത്തിന് അണിനിരന്നതെവിടെ ?
45. സാംസനെ പുതിയ രണ്ടു കയറുകൊണ്ട് ബന്ധിച്ച് പാറയ്ക്കു വെളിയിൽ കൊണ്ടുവന്നതാര് ?

46. യാഹാസിൽ താവളമടിച്ച് ഇസ്രായേലിനോടു പൊരുതിയ അമോര്യ രാജാവാര് ?
47. ജനനം മുതൽ ദൈവത്തിനു നാസീർ വ്രതക്കാരനായിരുന്നതാര് ?
48 യുദ്ധത്തിനൊരുങ്ങി സഫോണിലേയ്ക്കു ചെന്നതാര് ?
49. മോവാബുരാജാവായ സിപ്പോറിന്റെ പുത്രനാര് ?
50. മനോവ ഏതു ഗോത്രക്കാരനായിരുന്നു ?

# എമ്മാനുവൽ-ദൈവം നമ്മോടുകൂടെ



ഗീതു, മോന്തിവിള

ദിവസങ്ങൾ എത്ര വേഗത്തിലാ കടന്നുപോകുന്നത് വീണ്ടുമൊരു ക്രിസ്തുമസ് കാലം അടുത്തെത്തി. ക്രിസ്തുമസ് ദൈവകുമാരന്റെ, ലോകരക്ഷകന്റെ, ജനനത്തിരുനാൾ പരിശുദ്ധാത്മാവിനാൽ ഗർഭം ധരിക്കപ്പെട്ട തന്റെ പ്രതിശ്രുത വധുവിനെ യാതൊരുവിധ സന്ദേഹവും കൂടാതെ ദൈവ പദ്ധതിയിൽ പൂർണമായി വിശ്വസിച്ചുകൊണ്ട് അവളുടെ സംരക്ഷണ ചുമതല ഏറ്റെടുത്ത് നീതിമാനായ ജോസഫ്. യൂദയായിൽ ദാവീദിന്റെ പട്ടണമായ ബേത്‌ലഹേമിലേക്കുള്ള യാത്രാമധ്യേ ദിവ്യകുമാരനെ പ്രസവിക്കാൻ സമയമായെങ്കിലും നസ്രത്തിൽ ഇടം ലഭിക്കായ്കയാൽ കാലിത്തൊഴുത്തിൽ ലോകരക്ഷകന് ജന്മം നൽകിയ പരിശുദ്ധ മറിയം. ദൈവപുത്രന് മനുഷ്യരൂപം ധരിക്കാൻ കാരണഭൂതരായവർ.

ഈശോയുടെ ജനനം നമ്മൾ ക്രിസ്ത്യാനികൾക്ക് സന്തോഷത്തിന്റെയും ആഘോഷത്തിന്റെയും ദിനങ്ങളാണ്. പുൽക്കൂട്,നക്ഷത്രങ്ങൾ, കരോൾ, സമ്മാനപ്പൊതികൾ പാതിരാ കുർബാന തുടങ്ങി ആനന്ദം പകരുന്ന തിരക്കേറിയ നാളുകൾ. ദൈവകുമാരന്റെ ജനനത്തെ സംബന്ധിച്ച് വി. മത്തായി 1:23ൽ ഇപ്രകാരം പറയുന്നു ' ദൈവം നമ്മോടുകൂടെ എന്നർത്ഥമുള്ള എമ്മാനുവൽ എന്നവൻ വിളിക്കപ്പെടും എന്ന് കർത്താവ് പ്രവാചകൻ മുഖേന അരുളിച്ചെയ്തത് പൂർത്തിയാകാൻ വേണ്ടിയാണ് ഇതെല്ലാം സംഭവിച്ചത്'.ഇന്നീ തിരക്കേറിയ ജീവിതത്തിൽ എമ്മാനുവേൽ ( ദൈവം നമ്മോടു കൂടെ ) നമ്മോട് കൂടെ ഉണ്ടോ? നമുക്ക് ആത്മ പരിശോധന ചെയ്യാം. ദൈവം നമ്മോടുകൂടെ ഉണ്ടോ എന്ന ചോദ്യത്തിന് ഇവിടെ പ്രസക്തിയില്ല. കാരണം ദൈവം എന്നും നമ്മോടൊപ്പം തന്നെയുണ്ട്. അല്ലായിരുന്നെങ്കിൽ മനുഷ്യരൂപം ധരിച്ച് ദൈവകുമാരൻ രാജകൊട്ടാരത്തിൽ ജനിച്ചേനേ. ഇവിടെയാകട്ടെ സംഭവിച്ചത് നേരെ മറിച്ച് സാധാരണമായ ഒരു കാലിത്തൊഴുത്തിലും.

വചനം എടുത്തു പറയുന്നതനുസരിച്ച് രണ്ടു കൂട്ടരാണ് ഉണ്ണിയെ സന്ദർശിക്കാൻ എത്തിയത് ആട്ടിടയന്മാരും ജ്ഞാനികളും. മനസ്സിൽ

യാതൊരുവിധ ദുരുദ്ദേശവും കൂടാതെയാണ് ഇരുകൂട്ടരും ഉണ്ണിയെ അന്വേഷിച്ച് എത്തിയത്. അതിനാൽ തന്നെ ദൂതൻ നൽകിയ നിർദ്ദേശങ്ങൾക്കനുസരിച്ച് വഴികാട്ടിയ നക്ഷത്രത്തെ അനുഗമിച്ച് അവർ ഉണ്ണിയുടെ അടുക്കൽ എത്തി ദൈവത്തെ ആരാധിച്ചു. എന്നാൽ ദൈവകുമാരനെ വധിക്കണം എന്ന ചിന്തയോടെ അവിടത്തെ അന്വേഷിച്ചവർക്ക് ലോകരക്ഷകനെ കണ്ടെത്താനും ആയില്ല. ദൈവകുമാരനെ കണ്ട് ആരാധിച്ചവർ പാവപ്പെട്ട ആട്ടിടയന്മാർ മാത്രമായിരുന്നില്ല. മറിച്ച് സമൂഹത്തിലെ ഉന്നതകുലത്തിൽപ്പെട്ട ജ്ഞാനികളും അക്കൂട്ടത്തിൽ ഉണ്ട്. അതിനാൽ തന്നെ ദൈവം പാവങ്ങളുടെ ഒപ്പമേ കാണൂ എന്നോ സമ്പന്നരുടെ ഒപ്പമേ കാണൂ എന്നോ പറയാനാകില്ല. ദൈവം എല്ലാ തരത്തിലുംപെട്ട മനുഷ്യർക്കൊപ്പം ഉണ്ട് അനാഥരുടെയും വൈകല്യം സംഭവിച്ചവരുടെയും പണക്കാരുടെയും പാവങ്ങളുടെയും സന്തോഷിക്കുന്നവരുടെയും ദു:ഖിക്കുന്നവരുടെയും എല്ലാവരുടെയും കൂടെ. എന്നാൽ ചില സന്ദർഭങ്ങളിൽ ആ ദൈവസാന്നിധ്യം നാം തിരിച്ചറിയുന്നില്ലെന്ന് മാത്രം. ശരിയല്ലേ?

ഇക്കഴിഞ്ഞ ജൂലൈ മാസം അവസാനം മുണ്ടക്കൈ ചൂരൽമല എന്നീ പ്രദേശങ്ങളെ അപ്പാടെ തകർത്ത ഉരുൾപൊട്ടൽ ഉണ്ടായി. സംഭവം നടന്നത് വയനാട്ടിൽ ആണെങ്കിലും എല്ലാ മലയാളികളുടെയും മനസ്സിനെ ഈറനണിയിച്ച സംഭവമായിരുന്നു അത്. ആ സംഭവത്തിൽ ഉറ്റവരെ മുഴുവൻ നഷ്ടപ്പെട്ട ശ്രുതി എന്ന മകളെ ഓർക്കുന്നില്ലേ.? കുറച്ചു നാളുകൾക്ക് മുൻപ് ആ മകളുടെ ഏക തുണയായ ജെൻസനെയും മരണം കവർന്നു. ആ വാർത്ത അറിഞ്ഞ നമ്മിൽ പലരും അന്ന് മനസ്സിൽ ചിന്തിച്ചുകാണും എന്റെ ദൈവം ഇത്ര ക്രൂരത കാണിക്കുന്നത് എന്തുകൊണ്ട് ?

ദൈവം അവരുടെ കൂടെ നിൽക്കാത്തതെന്തേ? എന്നൊക്കെ. എന്നാൽ സകലതും നഷ്ടപ്പെട്ട ആ മകളുടെ ഒപ്പവും ദൈവം ഉണ്ട് അതിനാലാണ് ആ അവസ്ഥ തരണം ചെയ്യാൻ ആ മകൾക്ക് കഴിഞ്ഞത്. നമ്മുടെയൊക്കെ ജീവിതത്തിൽ എല്ലാ നിമിഷങ്ങളിലും നമുക്കൊപ്പം ഉള്ളവനാണ് നമ്മുടെ ദൈവം. ഒരു ദുരിതം ജീവിതത്തിൽ ഉണ്ടാകുമ്പോൾ നാം ദൈവത്തെ അന്വേഷിക്കും. ദൈവം നമുക്ക് ഉത്തരം തരണം. എന്നാൽ നാം ദൈവത്തിന് നന്ദി പറയാറുണ്ടോ? ജീവിതത്തിൽ പ്രാർത്ഥനകൾ ഒന്നുമില്ലാതെ തന്നെ ചില അവസരങ്ങളിൽ നമ്മുടെ സ്വപ്നങ്ങൾ സഫലമാകാറുണ്ട്. അപ്പോൾ നാം ദൈവത്തെ ഓർക്കാറെങ്കിലും ഉണ്ടോ? സന്തോഷം നൽകുന്ന ദൈവം സങ്കടങ്ങളിൽ നമ്മെ തനിച്ചാക്കും എന്ന് കരുതുന്നുണ്ടോ? ഒരിക്കലുമില്ല ഒരു വേദന ജീവിതത്തിൽ ഉണ്ടാകുമ്പോൾ അതിനെ അതിജീവിക്കാനുള്ള ശക്തി നൽകുന്നത് ദൈവമാണ്.

കുറച്ചു വർഷങ്ങൾക്കു മുമ്പ് കേട്ട ഒരു ഗാനം ഓർക്കുന്നു, ഗാനത്തിന്റെ ചിത്രീകരണം എമ്മാനുവേൽ എന്ന നാമത്തെ അർത്ഥവത്താക്കുന്നതായിരുന്നു. വിവാഹബന്ധം ആശിർവദിക്കുമ്പോൾ അവർക്കൊപ്പം നിൽക്കുന്ന... കുഞ്ഞ് ജനിക്കുമ്പോൾ മാതാപിതാക്കൾക്കൊപ്പം സന്തോഷിക്കുന്ന... പഠിക്കാൻ ബുദ്ധിമുട്ടുന്ന കുഞ്ഞിന്റെ ഒപ്പം വരുന്ന അവനെ



# വർഗ്ഗീസ് ജി

## 5-ാം ചരമവാർഷികം

19/01/2025

# സെന്റ് സേവ്യേഴ്സ് സ്കൂൾ

**തിരുപുറം**

## 2025-2026 വർഷത്തേക്കുള്ള രജിസ്ട്രേഷൻ ആരംഭിച്ചിരിക്കുന്നു.

ക്ലാസുകൾ

## Pre KG to Std. IV CBSE

ഇംഗ്ലീഷ് മീഡിയം

മോൺ. ഡോ. ഡി. സെൽവരാജൻ
മാനേജർ

സിസ്റ്റർ ലൗലി
പ്രിൻസിപ്പാൾ



# അരുൺ സി.എൽ

ജനനം 14-12-1988 മരണം 17-12-2005

# 19-ാം ചരമവാർഷികം

അകാലത്തിൽ പൊലിഞ്ഞ പൊന്ന് മകന് നിത്യശാന്തി നേർന്നുകൊണ്ട്

പപ്പ : ചന്ദ്രൻ അമ്മ : ലൈല സഹോദരി : അനിജ
സഹോദരി ഭർത്താവ് : പ്രേംകുമാർ കൊച്ചുമകൻ : അലൻ
ബന്ധുമിത്രാദികൾ

അനുസ്മരണ പ്രാർത്ഥന 17/12/2024 ചൊവ്വ വൈകുന്നേരം 6 മണിക്ക്.

അന്നേദിനം രാവിലെ 7.30ന് ഭവനത്തിലും, കുഴിമാടത്തിലുമുള്ള പ്രാർത്ഥന ശുശ്രൂഷ.



# തങ്കയ്യൻ നാടാർ

# 2-ാം ചരമവാർഷികം

അനുസ്മരണ പ്രാർത്ഥന 08/01/2025 ബുധൻ രാവിലെ 8 : 30ന്.

തുടർന്ന് ഭവനത്തിലും, കുഴിമാടത്തിലുമുള്ള പ്രാർത്ഥന ശുശ്രൂഷ.



# ഗബ്രിയേൽ
# 1-ാം ചരമവാർഷികം

അനുസ്മരണ പ്രാർത്ഥന 27/12/2024 വെള്ളി രാവിലെ 10 : 00 മണിക്ക്.

തുടർന്ന് ഭവനത്തിലും, കുഴിമാടത്തിലുമുള്ള പ്രാർത്ഥന ശുശ്രൂഷ.

**പാവന സ്മരണയ്ക്കു മുമ്പിൽ പ്രാർത്ഥനാപൂർവ്വം**

**ലൈല. എസ് (ഭാര്യ) അഖില (മകൾ) അഖിൽ (മകൻ)**

പഠിപ്പിക്കുന്ന... സന്തോഷിക്കുന്നവരുടെ കൂടെ സന്തോഷിക്കുന്ന... ഒരു മരണം സംഭവിക്കുമ്പോൾ അവരെ ആശ്വസിപ്പിക്കുന്ന... ആത്മഹത്യ ചെയ്യാൻ പോകുന്ന മകളെ അതിൽ നിന്ന് രക്ഷിക്കുന്ന ... ഈശോ... അതാണ് നമ്മുടെ രക്ഷകൻ. നമുക്കൊപ്പം ഉണ്ട്. നാം അവിടത്തെ ഒപ്പം കൂട്ടിയാൽ മാത്രം മതി. ഒരു കൂട്ടുകാരനായി നമുക്ക് ഈശോയെ ഒപ്പം കൂട്ടാം. യാത്ര പോകുമ്പോൾ,പഠിക്കുമ്പോൾ,കഴിക്കുമ്പോൾ,കുളിക്കുമ്പോൾ, സങ്കടം വരുമ്പോൾ,സന്തോഷം വരുമ്പോൾ, അങ്ങനെ ഉണരുന്നത് മുതൽ ഉറങ്ങുന്നതുവരെ ഓരോ കാര്യത്തിനും ഈശോയെ കൂടെ കൂട്ടാം. എന്ത് ചെയ്യുമ്പോഴും 'ഈശോയെ കൂടെയുണ്ടാകണേ' എന്നൊരു ചെറിയ പ്രാർത്ഥന മാത്രം മതി ഇനിയുള്ള ദിവസങ്ങളിൽ എങ്കിലും ഇത്തരത്തിൽ ഈശോയെ ഒപ്പം കൂട്ടാം. അങ്ങനെ ജീവിതം ഈശോയ്ക്ക് ഒപ്പം അടിച്ചു പൊളിക്കാം. **എമ്മാനുവേൽ... ദൈവം നമ്മോടുകൂടെ ഇനിമുതൽ നാം അവന്റെ കൂടെ...**

# <u>കാർട്ടൂൺ</u>



**വര : അരുൺ എസ്, തഴയ്ക്കമെണ്ണടി**






## സ്പെയിനിൽ ഒരു അല്മായനുൾപ്പടെ രണ്ടു നിണസാക്ഷികൾ വാഴ്ത്തപ്പെട്ടവരുടെ ഗണത്തിൽ!

രക്തസാക്ഷികളായ കയെത്താനൊ ക്ലൗസെയാസ് ബയേ (Cayetano Clausellas Ballvé), അന്തോണിയൊ തോർത്ത് റെയിസാക്സ് (Antonio Tort Reixachs) എന്നീ പുണ്യാത്മാക്കൾ വാഴ്ത്തപ്പെട്ടവരായി പ്രഖ്യാപിക്കപ്പെട്ടു. ബർസെലോണയിലെ തിരുക്കുടുംബ ബസിലിക്കയിൽ ഇരുപത്തി മൂന്നാം തീയതി ശനിയാഴ്ച (23/11/24) ആയിരുന്നു വാഴ്ത്തപ്പെട്ടപദ പ്രഖ്യാപന തിരുക്കർമ്മം

## ഉത്തരകൊറിയയിൽ ക്രൈസ്തവജീവിതം അപകടത്തിൽ

'ക്ലേശിതസഭയ്ക്കുള്ള സഹായം' എന്ന സംഘടന വർഷംതോറും നടത്തുന്ന നിരീക്ഷണ പഠനങ്ങൾ പ്രകാരം, ലോകത്തിലെ ക്രിസ്ത്യാനികൾക്ക് ഏറ്റവും അപകടകരമായ രാജ്യങ്ങളിലൊന്നാണ് ഉത്തര കൊറിയ എന്ന് വിലയിരുത്തപ്പെട്ടു. ദൈവത്തിനു പകരം സ്വേച്ഛാധിപതികളായ ഭരണാധികാരികളെ അവരോധിച്ചതും, അവരെ മാത്രം ആരാധിക്കുവാൻ ആളുകളെ നിർബന്ധിച്ചതും, നിരവധി ആളുകളെ രാജ്യം വിട്ടു പുറത്തേക്ക് പോകുവാൻ നിർബന്ധിതരാക്കിയെന്നും പഠന റിപ്പോർട്ടിൽ പറയുന്നതായി ഫാ. ബ്ലോട്ട് പങ്കുവച്ചു. 1953ൽ രാജ്യം രണ്ടായി പിളർന്നപ്പോൾ, അവിടെയുണ്ടായിരുന്ന എല്ലാ പുരോഹിതന്മാരെയും സന്യാസികളെയും കൂട്ടക്കൊല ചെയ്ത അനുഭവങ്ങളും അദ്ദേഹം പറഞ്ഞു. ഈ രാജ്യത്ത് ദേവാലയം ഉണ്ടെന്നു പറയപ്പെടുന്നുവെങ്കിലും, വിശുദ്ധ ബലി അർപ്പിക്കുന്നതിനോ, പ്രാർത്ഥനകൾ നടത്തുന്നതിനോ, അനുവാദവും അവസരവും ഇല്ല. ക്രിസ്ത്യാനികൾക്കെതിരെ ഇപ്പോഴത്തെ ഭരണാധികാരിയും ഏറെ പീഡന മുറകൾ കൈക്കൊണ്ടിട്ടുണ്ടെന്നും, കൂട്ടക്കുരുതികൾ ഇന്നും ആ രാജ്യത്ത് നടക്കുന്നുണ്ടെന്നും ഫാ. ബ്ലോട്ട് പറഞ്ഞു.

## വിശുദ്ധിയെന്ന ദൈവദാനത്തിനായി അപേക്ഷിക്കാൻ ആഹ്വാനവുമായി ഫ്രാൻസിസ് പാപ്പാ

വിശുദ്ധി ദൈവദാനമാണെന്നും, വിശുദ്ധീകരിക്കുന്നത് ദൈവമാണെന്നും ഉദ്ബോധിപ്പിച്ച് ഫ്രാൻസിസ് പാപ്പാ. ദൈവത്തെപ്പോലെ മറ്റുള്ളവരെ സ്നേഹിക്കാനുള്ള കഴിവ് നാം നേടുന്നത്, നമ്മെ സൗഖ്യപ്പെടുത്തുകയും സ്വാതന്ത്രരാക്കുകയും ചെയ്യുന്ന ദൈവകൃപയാലാണെന്നും പാപ്പാ ഓർമ്മിപ്പിച്ചു. നമ്മെയും വിശുദ്ധരാക്കാനും, അവന്റേതിന് തുല്യമായ ഒരു ഹൃദയം സ്വന്തമാക്കാനും വേണ്ടി ദൈവത്തോട് പ്രാർത്ഥിക്കാമെന്നും പാപ്പാ ആഹ്വാനം ചെയ്തു.സാമൂഹ്യമാധ്യമമായ എക്സിൽ നവംബർ 28 വ്യാഴാഴ്ച കുറിച്ച സന്ദേശത്തിലൂടെയാണ്, വിശുദ്ധിയിലും ദൈവസ്നേഹം അനുകരിച്ചുള്ള പരസ്പരസ്നേഹത്തിലും വളരേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ചാണ് പാപ്പാ പഠിപ്പിച്ചത്.

# ROYAL DECORATIONS

PUTHENKADA, THIRUPURAM P.O



## ഇനി ആഘോഷങ്ങൾ പ്രൗഢിയോടെ

നവീനവും ആകർഷകവുമായ ഡെക്കറേഷൻ വർക്കുകൾ

- സ്റ്റേജ് ഡെക്കറേഷൻ
- കല്യാണ ഡെക്കറേഷൻ
- പന്തൽ
- ഫുഡ് കാറ്ററിംഗ്

എന്നിവ മിതമായ നിരക്കിൽ ചെയ്ത് കൊടുക്കുന്നു

പ്രൊപ്രൈറ്റർ :
ഷൈജുകുമാർ വി എഫ്
( ഉണ്ണി )
ഫോൺ : 974665822



# STARTECH COMPUTERS

Near Govt. HSS Thirupuram

**Authorized Training centre of BSS Information Technology Mission**

BSS National Development Agency Established 1962 By Planning Commission, Government Of India

- MS OFFICE
- DCA
- INTEGRATED DCA
- DCFM
- DTP
- TALLY WITH GST
- TTC
- PGDCA

അടുത്ത ബാച്ചിലേക്കുള്ള ക്ലാസുകൾ ആരംഭിച്ചുകഴിഞ്ഞു. അഡ്മിഷൻ തുടരുന്നു. (ബി.പി.എൽ, എസ് സി/എസ് ടി കുട്ടികൾക്ക് ഫീസ് ആനുകൂല്യം ഉണ്ടായിരിക്കുന്നതാണ്.) കൂടാതെ എല്ലാവിധ ഓൺലൈൻ സേവനങ്ങളും ഇവിടെ ലഭ്യമാണ്.

Ph: 9400184477, 9446595520 | BSS ATC : TM79



ഇനി എല്ലാരും
പറയും ഫങ്ഷൻ
ഗംഭീരമായിരുന്നു എന്ന്.....!
CLASSIC
EVENT MANAGEMENT
അതിമനോഹരമായ വെഡിങ് ഇവന്റ് പ്ലാനിങ് നിങ്ങൾ
ആഗ്രഹിക്കുന്നതിനേക്കാൾ മികച്ച രീതിയിൽ ഞങ്ങൾ സഫലീകരിക്കും.
ഫുഡ് കാറ്ററിംഗ് [ജന്റ്സ് & ലേഡീസ് ] , ഫന്തൽ,
സ്റ്റേജ് ഡെക്കറേഷൻ, വീഡിയോ, ഫോട്ടഗ്രാഫി,
ലൈറ്റ് ഷോ, LED വാൾ എന്നിവയ്ക്കും
പച്ചക്കറി,മാംസം,മീൻ എന്നിവ ഓർഡർ അനുസരിച്ച് ലഭ്യമാക്കുന്നതിനും
"6-ാം വാർഷികത്തോട് അനുബന്ധിച്ച് വിപുലമായ ഓഫറുകൾ ഉണ്ടായിരിക്കുന്നതാണ്."
ബ്യുറോ ജംഗ്ഷൻ
തിരുപുറം
Ph : 70 12 88 29 97
94 96 25 70 89